# വേർപാട്

016

അടിസ്ഥാന ഉപദേശങ്ങൾക്കും വേർപാടു സത്യങ്ങൾക്കുമായി
നിലകൊള്ളുന്ന ഒരു ബ്രദറൺ പ്രസിദ്ധീകരണം



# വിവാഹവും വിവാഹ മോചനവും

ബ്രദറൺ റിസർച്ച് ഗ്രൂപ്പ് പ്രസിദ്ധീകരണം

# വേർപാട്

വാർത്താ പത്രിക



## എഡിറ്റോറിയൽ ടീം
EDITORIAL TEAM


**ചീഫ് എഡിറ്റർ**

ഡോ. ജോൺസൺ സി. ഫിലിപ്പ്

**മാനേജിംഗ് എഡിറ്റർ**

ഡോ. സനീഷ് ചെറിയാൻ

**എഡിറ്റോറിയൽ ബോർഡ്**

1. സ്കറിയ വർഗീസ്
2. ഏബ്രഹാം തോമസ്, കൊച്ചി
3. പി.ഇ. സാംകുട്ടി
4. അലക്സാണ്ടർ കോശി

**ഓവർസീസ് എഡിറ്റോറിയൽ ബോർഡ്**

ഡോ. സണ്ണി എഴുമറ്റൂർ, യു.എസ്.എ.
ഡോ. കെ.എം. ശമുവേൽ, കെനിയ
നോയൽ ഡാനിയേൽ, യു.എസ്.എ.
ജോൺ ഏബ്രഹാം, ദുബായ്

**സർക്കുലേഷൻ മാനേജർ**

ജിജോ സി. ജോർജ്ജ്

**ഡിസൈൻ & ലേ ഔട്ട്**
ലോഗോസ് മീഡിയ

**പ്രിന്റിംഗ്**

മാപ്തോ പ്രിന്റിംഗ്സ്, കളമശ്ശേരി

**ഡോക്ട്രിനൽ അഡ്വൈസറി ബോർഡ്**

1. കെ.എ. ഫിലിപ്പ്
2. ഫിലിപ്പ് ഏബ്രഹാം
3. ഇ.ജെ. പൈലി
4. ഡോ. പി.പി. ജോർജ്ജ്
5. ജോർജ്ജ് പീറ്റർ
6. എം.സി. ജോർജ്ജ്
7. ജോസ് മാങ്കുടി
8. എസ്.കെ. ഡേവിഡ്
9. കെ.വി. ഐസക്
10. വി.എം. പോൾ
11. കെ. ഗോപിനാഥൻ
12. ഡോ. പി.എം. ജോർജ്ജ്കുട്ടി
13. പ്രൊഫ. മാത്യൂസ് ഏബ്രഹാം
14. സി.ഒ. ഡേവീസ്
15. റെജി. കെ. തോമസ്

**മീഡിയ കൺസൾട്ടന്റ്സ്**

1. ഫിലിപ്പ് കെ. ആൻഡ്രൂസ്
2. ജോൺ സെബാസ്റ്റ്യൻ
3. പ്രമോദ് തോമസ്
4. സജി ഇടിക്കുള

**മാനേജിംഗ് കമ്മിറ്റി**

1. ഡോ. ബഞ്ചമിൻ ഏബ്രഹാം
2. വിക്ടർ ജോർജ്ജ് കുര്യാക്കോസ്
3. സാമുവേൽ പി. വർക്കി
4. രഞ്ജിത്ത് കുമാർ
5. വർക്കി ജോർജ്ജ്
6. രാജു കെ. തോമസ്
7. റെജി കെ. പോൾ


**വാർഷിക വരിസംഖ്യ : Rs.150/-**

**വാർത്തകളും കത്തുകളും വരിസംഖ്യയും അയക്കേണ്ട വിലാസം**


**Saneesh Cherian,**
Logos Bhavan
Maneed P.O., Ernakulam- 686 664, Kerala
Mob : 9497479976
E-mail : BrethrenAssemblyNews@gmail.com
Website : www.BrethrenAssemblyNews.com





## വരിക്കാരുടെ ശ്രദ്ധയ്ക്ക്

വേർപാടു സഭകളുടെ നന്മയും മഹത്വവും വിളിച്ചോതുന്നതിലും പ്രായോഗിക ജീവിതത്തിലും ഉപദേശ തലത്തിലുമുള്ള പരാജയങ്ങളെ വസ്തുനിഷ്ഠമായി വിശകലനം ചെയ്യുന്നതിലും വേർപാട് വാർത്താപത്രിക ശ്രദ്ധിക്കുന്നു. ദൈവജനത്തിന്റെ സഹായ സഹകരണങ്ങളാലാണ് ഈ ശുശ്രൂഷ മുന്നോട്ടു പോകുന്നത്. ആകയാൽ ഈ ശുശ്രൂഷയെ ഓർത്തു പ്രാർത്ഥിക്കുകയും വരിസംഖ്യയും സംഭാവനകളും നൽകി സഹകരിക്കുകയും ചെയ്യണമെ.

# വേർപാട്


അടിസ്ഥാന ഉപദേശങ്ങൾക്കും വേർപാടു സത്യങ്ങൾക്കുമായി നിലകൊള്ളുന്ന ഒരു ബ്രദറൺ പ്രസിദ്ധീകരണം

Volume 16 September 2012


## ഉള്ളടക്കം


എന്തിന് ടീമുകളെ ഉത്തരഭാരതത്തിലേക്ക് അയക്കുന്നു 02

വിവാഹം എന്ത്? എന്തുകൊണ്ട്? 03


വിവാഹമോചനവും പുനർവിവാഹവും 05

വിവാഹം പ്രായോഗിക തലത്തിൽ 07

വേർപാട് ന്യൂസ് 09

ദൈവം യോജിപ്പിച്ചതിനെ മോശെ വേർപിരിക്കരുത് 13

വേർപാട് വിവാഹ വേദി Verpad Matrimonial 17


## എഡിറ്റോറിയൽ

# വിവാഹം: മാർഗ്ഗനിർദ്ദേശം അനിവാര്യം



അടുത്ത കാലത്ത് എസ്.ബി.എസ്. സംഘടിപ്പിച്ച പ്രീ - മാരിറ്റൽ കൗൺസിലിംഗ് പ്രോഗ്രാമിൽ ക്ലാസ് എടുക്കുന്നതിനുള്ള അവസരം എനിക്കു ലഭിച്ചു. വളരെ അനുഗ്രഹിക്കപ്പെട്ട ഒരു ക്യാമ്പായിരുന്നു അത്. പങ്കെടുത്ത എല്ലാവരും തന്നെ നല്ല അഭിപ്രായം പറഞ്ഞു. ഈ നിലയിൽ വേദപുസ്തകാധിഷ്ഠിതമായ കൗൺസലിംഗ് യുവവിശ്വാസികൾക്കു നൽകണമെന്ന് ഭൂരിഭാഗം പേരും ആവശ്യപ്പെട്ടു.

നമ്മിൽ പലരും ചിന്തിക്കുന്നതു വിവാഹത്തെക്കുറിച്ച് യുവജനങ്ങൾ തനിയെ പഠിച്ചുകൊള്ളുമെന്നാണ്. അവർ പഠിക്കുമെന്നതു ശരി തന്നെ. ടി.വി., റേഡിയോ, സെക്കുലർ പുസ്തകങ്ങൾ, പ്രസിദ്ധീകരണങ്ങൾ എന്നിവയിൽ നിന്നുമാണ് അവർ പഠിക്കേണ്ടത്. വേദപുസ്തക പ്രമാണത്തിൽ നിന്നും അവ എത്രയോ അകലെയാണെന്നു നമുക്ക് അറിയാമല്ലോ. വേർപിരിയാൻ സാധിക്കുന്ന കരാറാണ് ലോകത്തിനു വിവാഹം. എന്നാൽ ദൈവജനത്തിന് ഉടയാത്ത ഉടമ്പടിയാണ് വിവാഹം.

നമ്മുടെ കുഞ്ഞുങ്ങളെ ലോകത്തിൽ നിന്നും വേർപെടുത്താനാവില്ല. പത്തിരുപതു കൊല്ലം കൊണ്ട് ലോകം അവരെ തന്റെ വരുതിയിലാക്കും. അതു മനസ്സിലാക്കി ലോകരീതികളെ വചനാനുസൃതമായി അതിജീവിക്കാനുള്ള പരിശീലനം നൽകി കുഞ്ഞുങ്ങളെ വളർത്തേണ്ടിയിരിക്കുന്നു. വചനത്തിൽ അടിസ്ഥാനപ്പെട്ടു വരുന്ന കുഞ്ഞുങ്ങൾ വിവാഹജീവിത രംഗത്തും ശോഭിക്കും. പ്രീ-മാരിറ്റൽ കൗൺസലിംഗിലൂടെ എസ്.ബി.എസ് നല്ലൊരു ചുവടുവയ്പാണ് നടത്തിയിരിക്കുന്നത്. വരുന്ന ദിവസങ്ങളിൽ ഇത്തരം ക്യാമ്പുകൾ കൂടുതലായി ഉണ്ടാകാൻ നമുക്കു പ്രാർത്ഥിക്കാം.

ജി.എൽ.എസ് പ്രസിദ്ധീകരിച്ചിട്ടുള്ള സന്തുഷ്ട കുടുംബം എന്ന പുസ്തകമാണ് നമുക്കു വേദപുസ്തകാധിഷ്ഠിതമായി മലയാളത്തിൽ ലഭ്യമായിരിക്കുന്ന പ്രധാന പുസ്തകം. വരും ദിവസങ്ങളിൽ കൂടുതൽ പുസ്തകങ്ങൾ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതിന്നു പ്രാർത്ഥിക്കാം.

ഡോ. ജോൺസൺ സി. ഫിലിപ്പ്

മിഷൻ

# എന്തിന് ടീമുകളെ ഉത്തരഭാരതത്തിലേക്ക് അയക്കുന്നു

**ഇ.ജെ. പൈലി, അങ്കമാലി**

പല വിശ്വാസികളുടേയും മനസ്സുകളിൽ ഉയരുന്ന ഒരു ചോദ്യമുണ്ട്. വൈ.എം.ഇ.എഫ് എന്തിനാണ് വടക്കേ ഇൻഡ്യയിലേക്ക് ടീമുകളെ അയയ്ക്കുന്നത്. ഇവിടങ്ങളിൽ സുവിശേഷമറിയിക്കാൻ സ്ഥലങ്ങളില്ലേ? സുവിശേഷം നമ്മുടെ ചുറ്റുപാടുകളിൽ അറിയിച്ചാൽ പോരേ? പോരാ. ക്രിസ്തുവിന്റെ അന്ത്യനിയോഗം എന്താണ്? ഭൂലോകത്തിൽ ഒക്കെയും പോയി സർവ്വസൃഷ്ടിയോടും സുവിശേഷം അറിയിപ്പിൻ". വയൽ ലോകമാണ്. ഒരു അർത്ഥശങ്കയ്ക്കും ഇട നൽകാത്തവണ്ണം കർത്താവ് ശിഷ്യന്മാരോട് ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. "പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും" (അപ്പോ. 1:8). സഭ ഈ ദൗത്യം നിറവേറ്റുന്നതിൽ പരാജയപ്പെട്ടതുകൊണ്ടാണ് ലോക ജനതയിൽ നല്ല പങ്ക് സുവിശേഷം കേൾക്കാത്തവരായി ഇന്നും ശേഷിക്കുന്നത്.

ഉത്തരഭാരതത്തിൽ ലക്ഷക്കണക്കിനു ഗ്രാമങ്ങൾ ഒരിക്കലെങ്കിലും സുവിശേഷം എത്താത്ത സ്ഥിതിയിലാണ് എന്ന വസ്തുത ഞങ്ങളുടെ ഹൃദയങ്ങളെ തട്ടിയുണർത്തി. ഇതിന് എന്തെങ്കിലും ചെയ്തേ മതിയാകൂ എന്ന് ദൈവാത്മാവ് ഞങ്ങളുടെ ഹൃദയങ്ങളെ നിർബന്ധിച്ചു. അങ്ങനെ ഞങ്ങൾ ടീമായി ഉത്തരേന്ത്യയിലെ പല സ്ഥലങ്ങളിലും ട്രെയിൻ മാർഗ്ഗം പോയി അവിടങ്ങളിൽ പ്രവർത്തിക്കുന്ന സുവിശേഷകന്മാരോടു ചേർന്നു പ്രവർത്തിച്ചു. അപ്പോൾ ഞങ്ങൾക്ക് നേരിട്ടു ബോദ്ധ്യമായ കാര്യം ഒരു വാഹനം ഉണ്ടെങ്കിലേ വടക്കേ ഇൻഡ്യൻ ഗ്രാമങ്ങളിൽ കടന്നു ചെല്ലാൻ കഴിയൂ എന്നതാണ്. അങ്ങനെ ഒരു വാഹനത്തിനു വേണ്ടി പ്രാർത്ഥിച്ചു. കർത്താവു നൽകിയ വാഹനവുമായി ആദ്യമായി വൈ.എം.ഇ.എഫ് ടീം പുറപ്പെട്ടത് 1980 ലായിരുന്നു. ഉത്തർപ്രദേശിലെ അലഹബാദിലേക്കായിരുന്നു അന്നത്തെ കന്നിയാത്ര. ആ ടീമിനെ നാലു മാസക്കാലം നയിക്കുവാനുള്ള ഭാഗ്യം എനിക്കു ലഭിച്ചു. തുടർന്ന് കഴിഞ്ഞ 32 വർഷങ്ങളായി അനേക ടീമുകൾ കേരളത്തിൽ നിന്നു പോയി ഉത്തരഭാരതത്തിലെ ഗ്രാമാന്തരങ്ങളിൽ തലങ്ങും വിലങ്ങും സഞ്ചരിച്ച് സുവിശേഷമറിയിച്ചു കൊണ്ടിരിക്കുകയാണ്. കർത്താവിനു സ്തോത്രം.

ഇങ്ങനെ ടീമുകളെ അയക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പലതാണ്. ഒന്ന്, സുവിശേഷമെത്തിയിട്ടില്ലാത്ത ഗ്രാമങ്ങളിൽ ഈ മഹത്തായ സുവിശേഷ സന്ദേശം അറിയിക്കുക. കർത്താവിന്റെ കൃപയാൽ ആയിരക്കണക്കിന് ഗ്രാമങ്ങളിൽ ക്രിസ്തുവിനെ ഉയർത്തിക്കാണിക്കുവാൻ സാധിച്ചു. രണ്ടാമതായി, വടക്കേ ഇൻഡ്യയിലെ സ്ഥിതിഗതികളും സുവിശേഷം എത്തിക്കേണ്ടതിന്റെ ആവശ്യകതയും കേരളത്തിലെ യുവാക്കന്മാർക്ക് നേരിൽ കാണുന്നതിന് അവസരമുണ്ടാക്കുക . ഇക്കാര്യം സാധിച്ചുകൊണ്ടിരിക്കുന്നതിൽ സന്തോഷിക്കുന്നു. സുവിശേഷകന്മാരെ വടക്കേ ഇൻഡ്യയിലേക്ക് അയക്കുന്നത് വൈ.എം.ഇ.എഫ് ന്റെ പരിപാടിയല്ല. എന്നാൽ തല പൊക്കി നോക്കി കൊയ്ത്തിന്റെ ആവശ്യം മനസ്സിലാക്കി കർത്താവ് വിളിക്കുന്നവർ സഭകളാൽ നിയോഗിക്കപ്പെട്ടു വേലസ്ഥലങ്ങളിലേക്ക് പോകാനിടയാകണം. കർത്താവ് അതും നിറവേറ്റിയതിൽ ദൈവത്തെ സ്തുതിക്കുന്നു. വൈ.എം.ഇ.എഫ് ടീമിൽ പ്രവർത്തിച്ച പലർ ദൈവിക വിളി കേട്ട് ഉത്തരേന്ത്യയുടെ പല സ്ഥലങ്ങളിലേക്കു കടന്നുപോയി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് ഏറ്റവും സന്തോഷകരമായ കാര്യമാണ്. ടീമിൽ പ്രവർത്തിക്കുന്ന യുവാക്കന്മാർക്ക് സുവിശേഷ വേലയിൽ പ്രായോഗിക പരിശീലനം കൊടുക്കുവാനും ബൈബിൾ പഠിപ്പിക്കുവാനും സാധിക്കുന്നു. ടീമുകൾ പോയി താമസിച്ചു പ്രവർത്തിച്ച ചില സ്ഥലങ്ങളിൽ ടീം താമസത്തിനു തെരഞ്ഞെടുത്ത അതേ കെട്ടിടം തന്നെ മുഴുവൻ സമയ പ്രവർത്തനത്തിനു പോയ സുവിശേഷകന്മാർ താമസത്തിനു തിരഞ്ഞെടുത്തു എന്നതും പ്രസ്താവ്യയോഗ്യമാണ്.

ഉത്തരഭാരതത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കന്ന സുവിശേഷകന്മാരുടെ പ്രവർത്തനങ്ങളെപ്പറ്റി ദൈവജനത്തെ കൂടുതലായി അറിയിക്കുന്നതിനും സുവിശേഷകന്മാർക്ക് പ്രോത്സാഹനമായിത്തീരുന്നതിനും ടീം പ്രവർത്തനം മുഖാന്തിരമായി. അങ്ങനെ വൈ.എം.ഇ.എഫ്ന്റെ ടീം പ്രവർത്തനത്തിൽ കൂടെ ദൈവം വൻകാര്യങ്ങളെ ചെയ്തിരിക്കുന്നു. എല്ലാ മഹത്വവും കർത്താവിന് അർപ്പിക്കുന്നു. ആമേൻ.

●

## വിവാഹം ഒരു പഠനം

**ഭാഗം 1**



# വിവാഹം എന്ത്? എന്തുകൊണ്ട്?

**ഡോ. സനീഷ് ചെറിയാൻ**

**ദൈ**വത്തിന്റെ സൃഷ്ടിയിലും പദ്ധതിയിലും ഉൽകൃഷ്ടതയുള്ള സൃഷ്ടിയാണ് മനുഷ്യൻ. മനുഷ്യനെക്കുറിച്ചുള്ള ദൈവിക പദ്ധതി അതിവിപുലവുമാണ്. സകല ജീവജാലങ്ങളെയും സൃഷ്ടിച്ച ദൈവം അവയെല്ലാം മനുഷ്യനു വിധേയപ്പെട്ടും പ്രയോജനപ്പെട്ടും ഇരിക്കുന്നതിനുള്ള ക്രമീകരണമാണ് ചെയ്തത്. ആ നിലയിൽ മനുഷ്യ വംശത്തെക്കുറിച്ചുള്ള ദൈവിക പദ്ധതി അതിമഹത്തായതാണ്.

ദൈവം മനുഷ്യരെ ആണും പെണ്ണുമായി സൃഷ്ടിച്ചതിന്റെ ഒരു പ്രധാന ഉദ്ദേശം വംശവർദ്ധനയാണെന്നു തിരുവെഴുത്തു പറയുന്നു. ആ നിലയിൽ ദൈവം അവരെ അനുഗ്രഹിക്കുകയും ചെയ്തു (ഉൽപത്തി 1: 27-28). ഭാര്യയും മക്കളും കൊച്ചുമക്കളും ഉള്ള ജീവിതം യഹോവയുടെ അനുഗ്രഹവും ഭക്തന്റെ ഭാഗ്യവുമെന്നും തിരുവെഴുത്തു പറയുന്നു. (സങ്കീ. 128).

ആണ് പെണ്ണ് ബന്ധത്തിൽ ഇതര ജീവജാലങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു ക്രമീകരണമാണ് മനുഷ്യന് ദൈവം നൽകിയിരിക്കുന്നത്. ഇതര ജീവജാലങ്ങൾക്ക് ഇണ ചേരൽ എന്ന ക്രമീകരണം നൽകിയ ദൈവം മനുഷ്യനു ആജീവനാന്തം തുണയായുള്ള ജീവിതക്രമീകരണമാണ് നൽകിയിരിക്കുന്നത് (ഉൽപ്പത്തി 2:18).

മനുഷ്യസൃഷ്ടിയെക്കുറിച്ചുള്ള പ്രഥമ വെളിപ്പാടിൽ (Primary Revelation) സ്ത്രീയും പുരുഷനുമായി മനുഷ്യനെ സൃഷ്ടിച്ചതിന്റെ ഉദ്ദേശം സന്താനോൽപ്പാദനത്താൽ ഭൂമിയിൽ പെരുകുക (ഉൽപത്തി 1:28) യാണെന്നു വെളിപ്പെടുത്തിയിരിക്കുന്നു. എന്നാൽ അതു ഏതു നിലയിലായിരിക്കണമെന്നതു പടിപടിയായുള്ള വെളിപ്പാടിലൂടെയാണ് (Progressive Revelation) വെളിപ്പെടുന്നത്. ആ നിലയിൽ തിരുവെഴുത്തിലെ ദൈവിക പദ്ധതി മനസ്സിലാക്കിയും അംഗീകരിച്ചും ജീവിക്കാൻ ദൈവം മനുഷ്യനെക്കുറിച്ചാഗ്രഹിക്കുന്നു.

മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല (ഉൽപ്പത്തി 1:18). അവനു തക്കതായ ഒരു തുണ ആവശ്യമായിരുന്നു. ദൈവം ആ തുണയെ ഒരുക്കി നൽകിയപ്പോൾ ഭാര്യയായാണ് നൽകിയത് (ഉൽപ്പത്തി 2:24,25). ഭാര്യാ ഭർത്തൃബന്ധത്തിന്റെ ഊഷ്മളത അനുഭവിക്കേണ്ടതിന് ദൈവം ആദാമിൽ നിന്നു തന്നെയാണ് അവനു തുണയെയും സൃഷ്ടിച്ചു നൽകിയത്. തന്മൂലം ഇവൾ ഇപ്പോൾ എന്റെ അസ്ഥിയും മാംസവും എന്നു പറയുവാൻ ആദാമിനു സാധിച്ചു. ദൈവം രണ്ടുപേരെ ഭാര്യാ ഭർത്താക്കന്മാരായി ചേർക്കുമ്പോൾ ഈ നിലയിലുള്ള ബോദ്ധ്യവും ആസ്വാദ്യതയും ലഭിക്കും.

വിവാഹം എന്ന ഉടമ്പടിയിലൂടെയാണ് സ്ത്രീപുരുഷന്മാർ ഭാര്യാഭർത്താക്കന്മാരായിത്തീരുന്നത് (മലാഖി 2.14). ആകയാൽ വിവാഹം എന്തെന്നും വിവാഹത്തിൽ അന്തർലീനമായിരിക്കുന്ന ദൈവിക പദ്ധതികൾ എന്തെല്ലാമെന്നും നമുക്കു പരിശോധിക്കാം.

### വിവാഹം എന്ത്?

ഒരു സ്ത്രീയും പുരുഷനും തമ്മിൽ പരസ്പര ഇഷ്ടത്താലും അംഗീകരണത്താലും ജീവിതാന്ത്യം വരെ ഒരുമിച്ചു ജീവിക്കുവാനായി ദൈവമുമ്പാകെ ചെയ്യുന്ന ഉടമ്പടിയാണ് വിവാഹം എന്നു പറയാം. ശാരീരികവും മാനസികവും ആത്മീകവും സാമൂഹികവുമായ ജീവിത സാഹചര്യങ്ങളിൽ സഹകരിച്ചു പോകുവാനുള്ള ഒരു ധാരണാപത്രം എന്നും പറയാം.

**ദൈവം മനുഷ്യരെ ആണും പെണ്ണുമായി സൃഷ്ടിച്ചതിന്റെ ഒരു പ്രധാന ഉദ്ദേശം വംശവർദ്ധനയാണെന്നു തിരുവെഴുത്തു പറയുന്നു. ആ നിലയിൽ ദൈവം അവരെ അനുഗ്രഹിക്കുകയും ചെയ്തു (ഉൽപത്തി 1: 27–28).**

വിവാഹ ഉടമ്പടിക്ക് മനുഷ്യചരിത്രത്തോളം തന്നെ പഴക്കമുണ്ട്. വ്യത്യസ്ത സമൂഹങ്ങളിൽ വിവാഹരീതികളിൽ വ്യത്യാസമുണ്ടെങ്കിലും ലക്ഷ്യം ഏകീകൃതമാണ്.

വിവാഹം മാനുഷിക ആശയമോ സംവിധാനമോ അല്ല. അതു സ്രഷ്ടാവാം ദൈവത്താൽ സ്ഥാപിതമായ ഒരു ബന്ധമാണ് (ഉൽപ്പത്തി 2:18). പുരുഷനു തക്ക തുണയായി ഹവ്വയെ ദൈവം നൽകുമ്പോൾ ശാരീരികവും ആത്മീകവും മാനസീകവുമായി അവർക്കുണ്ടായിരിക്കേണ്ട യോഗ്യതകളും കടപ്പാടുകളും ദൈവം വ്യക്തമായി നൽകുന്നുണ്ട്. കേവലം ഒരു കൂട്ടാളി/ സഹായി എന്ന നിലയിലല്ല ദൈവം ഹവ്വയെ ആദാമിനു നൽകിയത്. ലൈംഗിക വികാരങ്ങളോടുകൂടി സൃഷ്ടിക്കപ്പെട്ട ഇരുവർക്കും തങ്ങളുടെ വികാരങ്ങൾ പങ്കുവയ്ക്കുവാൻ കഴിയുന്ന ശരീരഘടനയോടു കൂടിയാണ് അവരെ ദൈവം സൃഷ്ടിച്ചത്. ആ ബന്ധത്തിന്റെ ദൃഢതയും ഊഷ്മളതയും എന്നു പറയുന്നത് ലൈംഗിക ബന്ധമാണ് (ഉൽപ്പത്തി 2:24; 24:67). തന്മൂലം ആ ബന്ധം മാതാപിതാക്കളോടും സഹോദരങ്ങളോടുമുള്ള ബന്ധത്തിൽ നിന്നും ഭിന്നമായിരിക്കുന്നു.

ദാമ്പത്യ ജീവിതത്തിനു മതിയായ ശാരീരികക്ഷമതയില്ലെന്നറിയാവുന്നവർ അക്കാര്യം മറച്ചുവെച്ചു വിവാഹം കഴിക്കുന്നതു കുടുംബ ബന്ധങ്ങൾ തകരാനിടയാക്കും. അതു വിശ്വാസ വഞ്ചനയാണ്. അങ്ങനെയുള്ളവർ വിവാഹത്തിനു ബദ്ധപ്പെടുന്നതിനു പകരം തങ്ങളെക്കുറിച്ചുള്ള ദൈവഹിതം അറിഞ്ഞ് കർത്താവിനു വേണ്ടി ജീവിക്കാൻ സമർപ്പിക്കുന്നതാണ് ഉത്തമം (മത്തായി 19:12).

ഭാര്യാഭർത്താക്കന്മാർ ശാരീരിക ബന്ധത്തിൽ ഏർപ്പെടണമെന്നത് ദൈവിക പദ്ധതിയാണ്. ആ പ്രവൃത്തിക്ക് അവർ പരസ്പരം കടപ്പെട്ടവരുമാണ്. (1 കൊരി. 7:3). ആ കടപ്പാട് നിറവേറ്റാനുള്ള ശാരീരികവും മാനസികവുമായ പക്വത പ്രാപിച്ചവരായിരിക്കണം വിവാഹജീവിതത്തിനു തയ്യാറാകേണ്ടത്.

മനുഷ്യന്റെവ ിവാഹജീവിതംസ ന്താനോല്പാദനം എന്ന ലക്ഷ്യത്തിലേക്ക് മാത്രമുള്ളതല്ല. മാനസികവും ആത്മീകവും സാമൂഹികവുമായ ഒത്തുചേരലിന്റെ വേദി കൂടിയാണത്. വിവാഹത്തിനു മുമ്പ് ആദാമും ഹവ്വയും വ്യക്തിപരമായി ദൈവത്തെ കണ്ടിരുന്നു. ദൈവിക ആലോചന അവർ ശ്രവിച്ചിരുന്നു. തങ്ങളുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവിക പദ്ധതിയുടെ അറിവോടും ബോദ്ധ്യത്തോടും കൂടിയാണ് അവർ കുടുംബ ജീവിതത്തിലേക്ക് പ്രവേശിച്ചത്. അതുപോലെ

**സ്ത്രീപുരുഷന്മാരെ ഇണകളായല്ല, തുണകളായ ഭാര്യാഭർത്താക്കന്മാരായാണ് ദൈവം യോജിപ്പിച്ചിരിക്കുന്നത്. ജീവിതത്തിലെ സുഖദുഃഖങ്ങൾ ഒരുമിച്ച് പങ്കുവയ്ക്കാനുള്ള മനസ്സുണ്ടായിരിക്കണം. ഭാര്യാഭർത്താക്കന്മാർ ഒരുമിച്ചു വസിക്കേണ്ടവരാണ്.**

തന്നെ പുതിയ നിയമവിശ്വാസികളും വിവാഹബന്ധത്തിലേർപ്പെടും മുമ്പ് ദൈവത്തെ വ്യക്തിപരമായി അറിഞ്ഞവരായിരിക്കണമെന്ന് ദൈവാത്മാവ് കല്പിക്കുന്നു. (2 കൊരി. 6:14). ആകയാൽ ഒരു ദൈവപൈതലിനെ സംബന്ധിച്ചിടത്തോളം വിവാഹം എന്നതു ശാരീരിക ആവശ്യം മാത്രം പരിഗണിച്ചു കൊണ്ടുള്ളതായിരിക്കരുത്. ആത്മീകവും ദൈവനാമമഹത്വത്തിനു ഉതകുന്നതുമായിരിക്കണം.

സ്ത്രീപുരുഷന്മാരെ ഇണകളായല്ല, തുണകളായ ഭാര്യാഭർത്താക്കന്മാരായാണ് ദൈവം യോജിപ്പിച്ചിരിക്കുന്നത്. ജീവിതത്തിലെ സുഖദുഃഖങ്ങൾ ഒരുമിച്ച് പങ്കുവയ്ക്കാനുള്ള മനസ്സുണ്ടായിരിക്കണം. ഭാര്യാഭർത്താക്കന്മാർ ഒരുമിച്ചു വസിക്കേണ്ടവരാണ്. ദാമ്പത്യജീവിതത്തിന്റെ ഊഷ്മളതയ്ക്കും ആത്മീകവും ധാർമ്മികവുമായ ജീവിതസാക്ഷ്യത്തിനും അതു ഒഴിച്ചുകൂടാനാവാത്ത കാര്യമാണ് (1 കൊരി 7:5). പരസ്പരം വിട്ടുവീഴ്ചകൾ ചെയ്തു ക്ഷമിക്കുവാനും ഒരുമിച്ചു പാർക്കുവാനും ദമ്പതികൾക്കു കഴിഞ്ഞില്ലെങ്കിൽ ദൈവനാമം ദുഷിക്കപ്പെടുന്ന സ്ഥിതിവിശേഷം ഉണ്ടാകും (1 പത്രോ. 3:7; എഫെ. 4:26-30).

വിവാഹം എന്നതു ദൈവസന്നിധിയിൽ മാന്യമായ കാര്യമാണ് (എബ്രാ. 13:14). കാരണം അതു ദൈവം സ്ഥാപിച്ചതാണ്. ആ ദൈവം തന്നെ മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല എന്നും പറയുന്നു. എന്നാൽ ഈ ദൈവിക പദ്ധതിക്കെതിരായി ചിലർ വിവാഹം കഴിക്കാതിരിക്കയും വിവാഹം വിലക്കുകയും ചെയ്യുന്നുണ്ട്. ഇതു ദൈവിക പദ്ധതിക്ക് വിരോധമായ നിലപാടാണ്. ആത്മീക ശുശ്രൂഷാരംഗത്തുള്ളവർ വിവാഹിതരായിരിക്കണമെന്ന കല്പനയാൽ കാര്യം വ്യക്തമാകുന്നു. (എഫെ. 4:11, 1 തിമൊ. 3:2)

വിവാഹം ദൈവത്താൽ സ്ഥാപിതമാകയാൽ മാന്യമായി കാണുകയും, നിർമ്മലതയിൽ വിവാഹജീവിതം നയിക്കുകയും വേണം.

### വിവാഹത്തിനുള്ള അടിസ്ഥാനങ്ങൾ

വിവാഹത്തിന് പ്രധാനമായും രണ്ട് അടിസ്ഥാനങ്ങൾ തിരുവചനവെളിച്ചത്തിൽ മനസ്സിലാക്കാം.

1. ***ശാരീരിക ഘടന:*** സർവ്വജ്ഞാനിയായ ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ ദാമ്പത്യജീവിത്തി

ശേഷം പേജ് 20 ▶




# വിവാഹമോചനവും പുനർവിവാഹവും

**ഡോ. ജോൺസൺ സി. ഫിലിപ്പ്**

ഇന്ത്യയിൽ ചില വർഷങ്ങൾക്കു മുമ്പു വരെ ദൈവജനത്തിന്റെ മദ്ധ്യേ വിവാഹമോചനം നടന്നിരുന്നില്ല. എന്നാൽ ഇത്തരം പ്രവൃത്തികളിലേക്കുള്ള വശീകരണം നമ്മുടെ ഇടയിൽ തുടങ്ങിയിരിക്കകൊണ്ട് ബൈബിൾ ഈ വിഷയത്തിൽ എന്തു പറയുന്നു എന്നു നമുക്കു പരിശോധിക്കാം. കാരണം ഒരു ദൈവപൈതലിന് താൻ അഭിമുഖീകരിക്കുന്ന വിഷയങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശം ലഭിക്കുന്നതു തിരുവെഴുത്തിൽ നിന്നാണ്. വിവാഹം, വിവാഹമോചനം എന്നീ വിഷയങ്ങളിൽ മാനുഷിക അഭിപ്രായങ്ങൾക്കു യാതൊരു സ്ഥാനവുമില്ല.

തിരുവചനത്തിലേക്കു ശ്രദ്ധ തിരിക്കുമ്പോൾ നാം കുറിക്കൊള്ളേണ്ട കാര്യം എന്നതു തിരുവെഴുത്തു പടിപടിയായുള്ള വെളിപ്പാടാണ് (Progressive Revelation) നൽകുന്നത്. ഒരു വിഷയത്തിന്റെയും പൂർണ്ണരൂപം ഒരു വേദഭാഗത്ത് ലഭ്യമല്ല. പ്രധാന തത്വങ്ങൾഉ ൽപ്പത്തിപ ുസ്തകത്തിൽെ വളിപ്പെടുത്തുകയും വിശദീകരണങ്ങൾ തുടർന്നുള്ള പുസ്തകങ്ങളിലൂടെ നൽകുകയും ചെയ്യുന്ന രീതിയാണ് നാം കാണുന്നത്. ത്രിത്വം എന്ന വിഷയം തന്നെ ഉത്തമ ഉദാഹരണം. ഉൽപ്പത്തി പുസ്തകത്തിൽ ത്രിത്വത്തിലെ ആളത്വങ്ങളെ വെളിപ്പെടുത്തിയിട്ടുണ്ടെങ്കിലും ത്രിത്വോപദേശം വ്യക്തമാക്കുന്നതു പുതിയ നിയമത്തിലാണ്. അതുപോലെ തന്നെ, വിവാഹം, വിവാഹമോചനം, പുനർവിവാഹം എന്നിവയുടെ പ്രാഥമിക ആശയങ്ങൾ ഉൽപ്പത്തി പുസ്തകത്തിൽ നൽകിയിട്ടുണ്ടെങ്കിലും ഇസ്രായേലിന്റെ ജീവിതത്തോടുള്ള ബന്ധത്തിൽ അടുത്ത 4 പുസ്തകങ്ങളിലാണ് വിശദീകരണം നൽകിയിരിക്കുന്നത്. പഴയ നിയമത്തിലെ മറ്റു പുസ്തകങ്ങളിലൂടെ ഈ വിഷയത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ലഭിക്കുന്നു. കർത്താവ് താൻ തന്നെയും ഈ വിഷയത്തിലുള്ള ദൈവിക നിലപാട് വെളിപ്പെടുത്തുന്നു. 1 കൊരി. 7 -ൽ വരുമ്പോൾ ക്രിസ്തീയ സഭയോടുള്ള ഉപദേശം എന്ന നിലയിൽ കൂടുതൽ ആശയങ്ങൾ ഈ വിഷയത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു.

ഇന്നു സമ്പൂർണ്ണ തിരുവെഴുത്തു (കാനോൻ) നമുക്ക് ലഭിച്ചിരിക്കകൊണ്ട് ഒരു നിഗമനത്തിൽ എത്തും മുമ്പ് തിരുവെഴുത്തു മുഴുവനും പരിശോധിക്കേണ്ടതുണ്ട്. വിവാഹമോചനം എന്ന വിഷയത്തിൽ തിരുവെഴുത്തു എന്തു പറയുന്നു എന്നാണ് ഈ ലേഖനത്തിൽ ചുരുക്കമായി പ്രതിപാദിക്കാൻ ഞാനാഗ്രഹിക്കുന്നത്. കർത്താവനുവദിക്കുന്ന പക്ഷം ഈ വിഷയത്തിൽ ഞാനും സനീഷ് ചെറിയാനും ചേർന്നു ഒരു ബൃഹത് ഗ്രന്ഥം ഉടൻ തന്നെ തയ്യാറാക്കുന്നതാണ്. വിവാഹവുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളെയും തിരുവചനവെളിച്ചത്തിൽ വിശദീകരിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഈ ലക്കത്തിലെ ലേഖനങ്ങൾ വായിച്ചതിനു ശേഷം വിശ്വാസികൾക്കുണ്ടാകുന്ന സംശയങ്ങൾക്ക് (പേരും അഡ്രസ്സും സഹിതം ഞങ്ങൾക്ക് എഴുതിയാൽ) മറുപടി നൽകാനും ഞങ്ങൾ ഈ പുസ്തകം വിനിയോഗിക്കുന്നതാണ്.

**വിവാഹം ദൈവത്താൽ സ്ഥാപിതമാണ്.**

ലംഘിക്കാവുന്ന ഒരു കരാറായി വിവാഹത്തെ കാണുന്ന ആളുകളുള്ള ഒരു തലമുറയിലാണ് നമ്മൾ ജീവിക്കുന്നത്. ദുഃഖകരമെന്നു പറയട്ടെ, പല ക്രിസ്ത്യാനികളും ഇതേ മനോഭാവം ലോകത്തിൽ നിന്നു കടംകൊണ്ടിട്ടുണ്ട്. ഒരു സാമൂഹിക കരാർ എന്ന നിലയിൽ വിവാഹത്തെയും കൈകാര്യം ചെയ്യാമെന്ന് ഇക്കൂട്ടർ ചിന്തിക്കുന്നു. എന്നാൽ മനുഷ്യനു ലംഘിക്കുവാൻ കഴിയാത്ത ഒരു ദൈവിക ഉടമ്പടി എന്ന നിലയിലാണ് തിരുവെഴുത്തു വിവാഹത്തെ വെളിപ്പെടുത്തുന്നത്. വിവാഹം ദൈവത്താൽ സ്ഥാപിതമാകയാൽ അതിന്റെ എല്ലാ മേഖലകളും തിരുവചനവെളിച്ചത്തിൽ കൈകാര്യം ചെയ്യേണ്ടതാണ്.

### വിവാഹമോചനം പാപത്തിന്റെ ഉല്പന്നമാണ്

വിവാഹത്തെ അനുഗ്രഹമായാണ് ദൈവം സ്ഥാപിച്ചത്. മനുഷ്യൻ സ്വമനസ്സാൽ വിവാഹബന്ധത്തിൽ ഏർപ്പെടുകയും ഈ അനുഗ്രഹത്തിനു പാത്രീഭവിക്കുകയും ചെയ്യുന്നു. ഒരിക്കൽ ഈ ബന്ധത്തിൽ പ്രവേശിച്ചു കഴിഞ്ഞാൽ ഒഴിഞ്ഞുപോകാൻ തിരുവെഴുത്ത് അനുവദിക്കുന്നില്ല. ദൈവജനം ഈ സന്ദേശം സർവ്വാത്മനാ ഉൾക്കൊള്ളുകയും ആദിമനാളുകളിൽ കർശനമായി പാലിച്ചുപോരുകയും ചെയ്തിരുന്നു. എങ്കിലും യഹൂദന്മാരല്ലാത്ത വിജാതീയർ ഈ പ്രമാണത്തെ തള്ളിക്കളഞ്ഞിരുന്നു. തന്മൂലം വിജാതീയരിൽ സർവ്വസാധാരണമായി കണ്ടിരുന്ന വിവാഹമോചനം യഹൂദരിലേക്കു സംസർഗ്ഗത്താൽ കടന്നുകൂടുവാൻ ഇടയായി.

മിസ്രയീമ്യരുടെ കുത്തഴിഞ്ഞ വിവാഹജീവിതങ്ങളും അധാർമ്മികപ്രവൃത്തികളും 400 വർഷത്തെ അടിമത്വകാലത്ത് യിസ്രായേൽ മക്കളിലും സ്വാധീനം ചെലുത്തി. തന്മൂലം ഈ അധാർമ്മികതയ്ക്കു കടിഞ്ഞാണിടുവാൻ ദൈവം മോശെ മുഖാന്തരം വ്യക്തമായ കല്പനകൾ നൽകി. തന്റെ ഭാര്യ ഏറ്റവും ലജ്ജാകരമായ ലൈംഗിക സ്വഭാവം കാണിച്ചാൽ വിവാഹമോചന ചീട്ടു നൽകാൻ ദൈവം യഹൂദനു അനുവാദം നൽകി. അതിപ്രകാരം നാം വായിക്കുന്നു. “ഒരു പുരുഷൻ ഒരു സ്ത്രീയെ തിരഞ്ഞെടുത്തു വിവാഹം ചെയ്ത ശേഷം അവളിൽ ദൂഷ്യമായ വല്ലതും കണ്ടിട്ട് അവനു അവളോട് അനിഷ്ടം തോന്നിയാൽ ഒരു ഉപേക്ഷണ പത്രം എഴുതി കയ്യിൽ കൊടുത്തു അവളെ വീട്ടിൽ നിന്നു അയക്കേണം. അവന്റെ വീട്ടിൽ നിന്നു പുറപ്പെട്ട ശേഷം അവൾ പോയി മറ്റൊരു പുരുഷനു ഭാര്യയായി ഇരിക്കാം. ( ആവ. 24:1,2). അയോഗ്യമായ നടപ്പിനുള്ളന ിയന്ത്രണംഎ ന്നന ിലയിലാണ് ദൈവം ഈ കല്പന നൽകിയത്.

വേറൊരു വിധത്തിൽ പറഞ്ഞാൽ ന്യായപ്രമാണത്തിൽ കാണുന്ന വിവാഹമോചന അനുവാദം ദൈവത്തിന്റെ ആശീർവാദമല്ല. ദൈവം സ്ഥാപിച്ച വിവാഹം എന്ന വ്യവസ്ഥയുടെ ഗൗരവം കാത്തുസൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയാണ് വെളിപ്പെടുത്തുന്നത്. ന്യായപ്രമാണം യിസ്രായേൽമക്കൾക്ക് ഉപദേഷ്ടാവും സംരക്ഷകനുമായി വർത്തിച്ചിരുന്ന കാലയളവായിരുന്നു അത്. അവരെ തന്നെ സമ്പൂർണ്ണ ദൈവഹിതത്തിലേക്ക് ആനയിക്കുന്ന ശിശുപാലകൻ.

### ആത്മാർത്ഥ ഐക്യതയാണ് പുതിയ നിയമ തത്വം

സഭാകാലയളവിലാണ് സമ്പൂർണ്ണവും സുവ്യക്തവുമായ ദൈവിക വെളിപ്പാട് മനുഷ്യർക്കു ലഭിച്ചത്. വിശ്വാസത്താലുള്ള നീതീകരണം എന്ന ഉപദേശം ഉത്തമ ഉദാഹരണമാണ്. ഈ തത്വം എല്ലാ തലമുറകളിലും ദൃശ്യമായിരുന്നെങ്കിലും ലേഖനങ്ങളിലാണ് സമ്പൂർണ്ണപ്രകാശം ആ വിഷയത്തിൽ ലഭിക്കുന്നത്. വിവാഹത്തെക്കുറിച്ചുള്ള ദൈവിക പദ്ധതിയും പൂർണ്ണമായി വെളിപ്പെടുന്നതു ഇതേ നിലയിലാണ്. യേശുക്രിസ്തുവിലൂടെ വാമൊഴിയായും അപ്പോസ്തലന്മാരിലൂടെ വരമൊഴിയായും ആ വെളിച്ചം നമുക്കു ലഭിച്ചിരിക്കുന്നു.



കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷമാണ് സഭാകാലയളവ് ആരംഭിക്കുന്നതെങ്കിലും, സഭാകാലയളവിൽ പാലിക്കേണ്ടതായ നിരവധി കാര്യങ്ങൾ കർത്താവ് സ്വർഗ്ഗാരോഹണത്തിനു മുമ്പ് പറയുകയുണ്ടായി. കുടുംബജീവിതത്തിന്റെ ഐക്യത അതിൽ ഒന്നാണ്. ഗിരിപ്രഭാഷണത്തിൽ തുടങ്ങി പല സന്ദർഭങ്ങളിലും കർത്താവ് ഇക്കാര്യം ഓർപ്പിച്ചിട്ടുണ്ട്. തന്നോടു സംവാദത്തിനു വന്ന പരീശന്മാരോടു കർത്താവ് ഇക്കാര്യം എടുത്തു പറഞ്ഞു. ഭാര്യാഭർത്താക്കന്മാർ വേർപിരിയാതിരിപ്പാൻ ശ്രദ്ധിക്കണമെന്നതാണ് കർത്താവ് നൽകിയ സന്ദേശം. വ്യഭിചാരം/പരസംഗത്തിനു പഴയ നിയമത്തിൽ നൽകിയിരുന്ന മരണശിക്ഷയ്ക്കു പുതിയ നിയമത്താൽ മാറ്റം വന്നു എന്ന കാര്യം കർത്താവ് അവർക്ക് മനസ്സിലാക്കി കൊടുത്തു. പഴയനിയമത്തിൽ ലജ്ജാകരമായ ലൈംഗിക പ്രകൃതത്തിന് വിവാഹമോചനം അനുവദിച്ചിരുന്നെങ്കിൽ, പുതിയ നിയമത്തിൽ അതിന് അനുവാദമില്ല. പുതിയ നിയമത്തിൽ വിവാഹബന്ധത്തിന്റെ ദൃഢതയ്ക്കാണ് പ്രാധാന്യം. പരസംഗം എന്ന ഏക കാരണം മാത്രമാണ് വിവാഹമോചനത്തിനായി പുതിയ നിയമം അനുവദിക്കുന്നത്.

ശേഷം പേജ് 18 ▶

വിവാഹം വചനവെളിച്ചത്തിൽ

ഭാഗം 2



# വിവാഹം
## പ്രായോഗിക തലത്തിൽ

ഡോ. സനീഷ് ചെറിയാൻ

**കുടുംബത്തിന്റെയും സ്ഥലം സഭയുടെയും വിവാഹാനുബന്ധ കടമകൾ**

മനുഷ്യൻ തന്റെ ജീവിതത്തിലെ ബാലപാഠങ്ങൾ പഠിക്കുന്നതു മാതാപിതാക്കന്മാരിൽ നിന്നാണ്. മാതാപിതാക്കന്മാരുടെ കാഴ്ചപ്പാടുകളാണ് മക്കളുടെ ഭാവി നിർണ്ണയിക്കുന്നതിലെ പ്രധാന ഘടകം. മുലയൂട്ടുന്ന വേളയിൽ തന്റെ കുഞ്ഞിനെക്കുറിച്ച് മാതാവിന്റെ ഉള്ളിലുണ്ടാകുന്ന കാഴ്ചപ്പാടുകൾ ആ കുഞ്ഞിന്റെ ഭാവിയെ തന്നെ സ്വാധീനിക്കും. ആത്മീക സമർപ്പണത്തിന്റെയും യഹോവ ഭക്തിയുടെയും ആദ്യാക്ഷരങ്ങൾ കുഞ്ഞുങ്ങളിലേക്ക് പകരുവാൻ തയ്യാറാകുന്ന മാതാപിതാക്കൾക്ക് മക്കളെക്കുറിച്ച് കരയേണ്ടിവരില്ല (സദൃ. 22:6).

ഭർത്താവും ഭാര്യയും പരസ്പരം സ്നേഹവും കരുതലും ബഹുമാനവും ആഗഹിക്കുന്നതുപോലെ മക്കളെയും സ്നേഹിക്കാനും അവരിലെ കഴിവുകളെ അഭിനന്ദിക്കാനും ശ്രദ്ധിക്കണം. തെറ്റു കണ്ടാൽ സ്നേഹപൂർവ്വം ശാസിക്കണം നന്മകളിൽ പ്രശംസിക്കണം. മക്കളുടെ വ്യക്തിത്വ വികാസത്തിന് ഇതു അത്യന്താപേക്ഷിതമാണ്.

മക്കളുടെ വളർച്ചയുടെ വിവിധ തലങ്ങളെക്കുറിച്ച് മാതാപിതാക്കൾ അറിവും ശ്രദ്ധയുമുള്ളവരായിരിക്കണം. ശൈശവം, ബാല്യം, കൗമാരം, യൗവ്വനം തുടങ്ങിയ തലങ്ങളിലേക്ക് മക്കൾക്കുണ്ടാകുന്ന പുരോഗതി കണ്ടറിഞ്ഞ് അവരോട് ഇടപെടണം. കൗമാര പ്രായത്തിലുള്ള മകനും മകളും ഒന്നും അറിയാത്തവരെന്നു ചിന്തിച്ചവഗണിക്കരുത്. ശാരീരിക തലത്തിൽ അവരിലുണ്ടാകുന്ന മാറ്റത്തെ ഉൾകൊണ്ട് അതു നല്ല നിലയിൽ കൈകാര്യം ചെയ്യുവാൻ അഭ്യസിപ്പിക്കണം.

മക്കളുടെ ഭാവിയെ ഓർത്തു പ്രാർത്ഥിക്കുന്ന പതിവ് മാതാപിതാക്കൾക്കുണ്ടാകണം. ആത്മീക ജീവിത ഔന്നത്യമായിരിക്കട്ടെ പ്രഥമ വിഷയം. ആത്മീക രംഗത്ത് ശോഭിക്കാനുള്ള പ്രോത്സാഹനങ്ങളും അവസരങ്ങളും മക്കൾക്കൊരുക്കുന്നതിൽ മാതാപിതാക്കൾ ശ്രദ്ധിക്കണം. എന്നാൽ ദുഃഖകരമെന്നു പറയട്ടെ, മക്കളുടെ ആത്മീക കാര്യങ്ങളിൽ മാതാപിതാക്കൾക്കു ശ്രദ്ധ ഇന്നാളുകളിൽ വളരെക്കുറഞ്ഞു വരുകയാണ്. വിവാഹപ്രായമാകയോ ദൂരസ്ഥലത്തേക്ക് പഠനത്തിനായി പോകയോ ചെയ്യേണ്ടിവരുമ്പോൾ സ്നാനം ആവശ്യപ്പെട്ടു സ്ഥലം സഭയിൽ വരാൻ നിർബന്ധിക്കുന്ന ചിലരെയെങ്കിലും ഇന്നു ആത്മീകഗോളത്ത് കാണാം. ഇങ്ങനെ രക്ഷയുടെ അനുഭവമോ ബോധ്യമോ ഇല്ലാതെ സ്നാനപ്പെടുന്ന കുഞ്ഞുങ്ങൾ ഭാവിജീവിതത്തിൽ എങ്ങനെയായിത്തീരുമെന്നു ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

മക്കൾ കുഞ്ഞായിരിക്കുമ്പോൾ തന്നെ ദൈവത്തെ അറിഞ്ഞ് വളരുവാനും ദൈവഭയമുള്ള ജീവിതപങ്കാളിയെ ലഭിക്കേണ്ടതിനും അവർക്കു വേണ്ടി പ്രാർത്ഥിക്കണം. കൗമാരത്തിലേക്ക് പ്രവേശിക്കുന്നതോടെ എതിർലിംഗക്കാരോട് വശ്യത തോന്നുമെന്നതിനാൽ ദൈവഹിതം എന്തെന്നു സ്നേഹപൂർവ്വം പറഞ്ഞുകൊടുക്കണം. പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും കൗമാരപ്രായത്തിലുണ്ടാകുന്ന ശാരീരിക വ്യതിയാനങ്ങളെക്കുറിച്ചും (സ്കൂളുകളിൽ പഠിപ്പിക്കുന്നുണ്ടെങ്കിലും) അതു ദൈവിക ക്രമീകരണമാണെന്നും പറഞ്ഞുകൊടുക്കണം. സംശയം തീർക്കാൻ മാധ്യമങ്ങളെയും കൂട്ടുകാരെയും ആശ്രയിച്ചാൽ ചതിക്കുഴികളിലകപ്പെടുമെന്നു നാം ഓർക്കണം. ആധുനിക ലോകത്ത് കുഞ്ഞുങ്ങൾക്ക് പ്രായത്തിൽ കവിഞ്ഞ അറിവ് മാധ്യമങ്ങളിലൂടെ ലഭിക്കുന്നു. ദൈവഭയം അതോട് ചേർത്തു നൽകിയാൽ മാത്രമേ നല്ല ഫലം ലഭിക്കൂ.

മക്കളുടെ വിവാഹത്തോടുള്ള ബന്ധത്തിൽ ആത്മീകതയ്ക്കായിരിക്കണം പ്രഥമ സ്ഥാനം.

പണം, സൗന്ദര്യം, പാരമ്പര്യം, പ്രശസ്തി എന്നിവയ്ക്കു പിന്നാലെ പോയാൽ ദുഃഖിക്കേണ്ടിവരും. മുമ്പേ ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കാൻന മുക്കുമ ക്കളെഅ ഭ്യസിപ്പിക്കാം.

**സ്ഥലം സഭയുടെ ഉത്തരവാദിത്വം**

കുടുംബം കഴിഞ്ഞാൽ ഒരു വ്യക്തിയുടെ ആത്മീക ജീവിതത്തെ എറെ സ്വാധീനിക്കുന്നതു സ്ഥലം സഭയാണ്. സ്ഥലം സഭയുടെ ആത്മീക ദർശനം ഉത്തമമാണെങ്കിൽ മാത്രമേ അവിടെയുള്ള കുഞ്ഞുങ്ങളും യുവാക്കളും ആത്മീക ദർശനത്തിന്റെ മാഹാത്മ്യം മനസ്സിലാക്കുകയുള്ളൂ. സഭകളിലുണ്ടാകുന്ന പ്രശ്നങ്ങൾ പല കുഞ്ഞുങ്ങളുടെയും ആത്മീക ദർശനത്തെ ദോഷമായി ബാധിക്കുന്നുവെന്നു പറയാതെ തരമില്ല.

കുഞ്ഞുങ്ങൾക്ക് ആത്മീക വഴിയിൽ വളരുവാനായി വേദികൾ ഒരുക്കേണ്ടതു സ്ഥലം സഭയുടെ കടമയാണ്. സത്യ ഉപദേശവും ധാർമ്മിക മൂല്യങ്ങളും പകർന്നു കൊടുക്കുന്ന ഉത്തമവേദികളായി സണ്ടേസ്കൂളുകൾ തീരണം. ക്രമീകൃതമായി വചനം പഠിപ്പിക്കുന്ന ബൈബിൾ ക്ലാസ്സുകളും സഭയിൽ ഉണ്ടാകണം. ആത്മീകമായി പിന്നോക്കം പോകുന്ന കുഞ്ഞുങ്ങളെ പ്രോത്സാഹിപ്പിച്ചു കൊണ്ടു നടക്കേണ്ട ഉത്തരവാദിത്തം സഭാശുശ്രൂഷകർക്കുണ്ട്.

കൗമാരക്കാരായ കുഞ്ഞുങ്ങൾ പ്രേമബന്ധങ്ങളിൽ അകപ്പെടാൻ സാധ്യയുള്ളതുകൊണ്ട്, ദൈവഹിതം എന്തെന്നു പറഞ്ഞുകൊടുക്കാൻ സണ്ടേസ്കൂൾ അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കണം. സഭയിലെ കുഞ്ഞുങ്ങൾക്ക് ആത്മീകവും ഭൗതീകവുമായ രംഗങ്ങളിൽ പ്രാർത്ഥനാപൂർവ്വമായ പിന്തുണയും നിർദ്ദേശങ്ങളും നൽകാൻ സഭാശുശ്രൂഷകർക്ക് കടമയുണ്ട്. അവരുടെ വിവാഹത്തോടുള്ള ബന്ധത്തിലും ദൈവഹിതം കണ്ടെത്താനുള്ള പരിശീലനം സഭയിലുണ്ടാകണം. ഇക്കാര്യങ്ങൾ പ്രായോഗിക തലത്തിൽ കൊണ്ടുവരാൻ ബുദ്ധിമുട്ടുള്ള ഒരു കാലയളവിലാണ് നാം ജീവിക്കുന്നത്. എങ്കിലും ഭാവിതലമുറയെ ഓർത്ത് ഉണർന്നു പ്രവർത്തിച്ചാൽ സാധ്യമായിത്തീരും.

വിവാഹിതരാകാൻ പോകുന്നവർക്ക് പ്രീ-മാരിറ്റൽ കൗൺസലിംഗ് നടത്തുന്നതു ഗുണം ചെയ്യും. വിവാഹ നിശ്ചയത്തിനു ശേഷമല്ല, ടീനേജ് കഴിയുമ്പോൾ തന്നെ അങ്ങനൊരു കൗൺസിലിംഗ് നൽകുവാൻ സഭയ്ക്കു കഴിഞ്ഞാൽ തീർച്ചയായും അനുഗ്രഹം ലഭിക്കും. യുവവിശ്വാസികൾക്ക് നല്ലൊരു ജീവിതവഴികാട്ടിയായിത്തീരുവാൻ സഭകൾക്കും ശുശ്രൂഷ

പ്രേമബന്ധത്തെ ദൈവവചനം അനുമോദിക്കുന്നില്ല. വ്യഭിചാരമായാണ് കർത്താവ് അതിനെ വീക്ഷിക്കുന്നത്. പ്രേമബന്ധങ്ങൾ ആത്മീകദർശനങ്ങളുടെ പരാജയത്തിനു വഴിതെളിക്കും. ദൈവിക ആലോചനയേക്കാളുപരി വൈകാരിക തലത്തിലുണ്ടാകുന്ന ദാമ്പത്യജീവിതം ദോഷഫലങ്ങൾ സൃഷ്ടിക്കാം.

കർക്കും സാധിച്ചാൽ അതിൽപരം അനുഗ്രഹം എന്തുണ്ട്? അവർക്കു മുമ്പിൽ മാതൃകയായിരിക്കണമെന്നു ദൈവാത്മാവ് ഓർപ്പിക്കുന്നതും നാം ഗൗരവമായി കാണേണ്ടതുണ്ട്. (1 തിമൊ. 4:12)

**പ്രേമവിവാഹം ദൈവഹിതമോ?**

ഒരു പുരുഷനു ഒരു യുവതിയോട് (തിരിച്ചും) ഇഷ്ടവും സ്നേഹവും തോന്നുന്നതു സ്വാഭാവികമാണ്. അതു ദൈവം നൽകിയ കഴിവാണെന്നു നാം കണ്ടു കഴിഞ്ഞു.

രക്ഷിക്കപ്പെട്ട ഒരു ദൈവപൈതൽ പ്രേമിക്കുന്നതു ശരിയോ? എന്ന ചോദ്യം പലരിലുമുണ്ട്.

കർത്താവു പറയുന്നത് "സ്ത്രീയേ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവൻ എല്ലാം ഹൃദയം കൊണ്ട് അവളോട് വ്യഭിചാരം ചെയ്തു പോയി" (മത്തായി 5:28). ഭക്തനായ ഇയ്യോബ് തന്റെ ആത്മീക ദർശനത്തെ വെളിപ്പെടുത്തുന്നതു ശ്രദ്ധിക്കുക. "ഞാൻ എന്റെ കണ്ണുമായി ഒരു നിയമം ചെയ്തു; പിന്നെ ഞാൻ ഒരു കന്യകയെ നോക്കുന്നതു എങ്ങനെ?" (ഇയ്യോബ് 31:1). ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം എന്നിവ ദൈവത്തിൽ നിന്നുള്ളതല്ല. ലോകത്തിൽ നിന്നുള്ളതാണ്. (1 യോഹ. 2:16)

പ്രേമബന്ധത്തെ ദൈവവചനം അനുമോദിക്കുന്നില്ല. വ്യഭിചാരമായാണ് കർത്താവ് അതിനെ വീക്ഷിക്കുന്നത്. പ്രേമബന്ധങ്ങൾ ആത്മീകദർശനങ്ങളുടെ പരാജയത്തിനു വഴിതെളിക്കും. ദൈവിക ആലോചനയേക്കാളുപരി വൈകാരിക തലത്തിലുണ്ടാകുന്ന ദാമ്പത്യജീവിതം ദോഷഫലങ്ങൾ സൃഷ്ടിക്കാം.

വിവാഹജീവിതം ആസ്വാദ്യകരമാകണമെങ്കിൽ അതു ദൈവഹിതം അനുസരിച്ചുള്ളതായിരിക്കണം. ഒരേ വിശ്വാസ ദർശനവും ആത്മീക കാഴ്ചപ്പാടുമുള്ള തുണയ്ക്കായി പ്രാർത്ഥനയോടെ കാത്തിരിക്കുക. ദൈവം ഒരുക്കിയിട്ടുള്ള തക്ക തുണയെ തക്ക സമയത്തു കാണിച്ചു തരും എന്നു വിശ്വസിക്കുക.

ലോകവും സാഹചര്യങ്ങളും രണ്ടു പേരെ തമ്മിൽ അടുപ്പിക്കാം. ദൈവം അതിനെ എങ്ങനെ വീക്ഷിക്കുന്നു എന്നും ദൈവഭക്തൻ അതിൽ എങ്ങനെ പ്രതികരിക്കുന്നുവെന്നും നാം കണ്ടുകഴിഞ്ഞല്ലോ.

ശേഷം പേജ് 15 ▶

# വേർപാട് ന്യൂസ്

## അടിയന്തിരമായ പ്രാർത്ഥനയ്ക്കും സാമ്പത്തിക സഹകരണത്തിനും

കർത്താവിൽ പ്രിയ സഹോദരി സഹോദരന്മാർക്ക് യേശുക്രിസ്തുവിന്റെ നാമത്തിൽ കോട്ടേക്കുളം സഭയുടെ സ്നേഹവന്ദനങ്ങൾ.

ഈ സഭയിൽ കൂട്ടായ്മ ബന്ധത്തിലുള്ള ഒരു കുടുംബമാണ് മോളേക്കുടിയിൽ ആലീസ് സഹോദരിയുടെ കുടുംബം. 28 വർഷങ്ങൾക്ക് മുമ്പ് തന്റെ ഭർത്താവ് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഇവർക്ക് 5 മക്കൾ ഉണ്ട് (3 പെൺമക്കളും 2 ആൺമക്കളും). ഇവരുടെ ഇളയ മകൻ സജീഷ് ആന്റോ ജോസ് (30 വയസ്സ്) എന്ന സഹോദരന് തന്റെ ബാല്യം മുതൽ ഹൃദയത്തിന് ഒരു സുഷിരവും ഒരു വാൽവിന് ചുരുക്കവും മൂലം തിരുവനന്തപുരം ശ്രീചിത്തിര ആശുപത്രിയിൽ ചികിൽസയിലായിരുന്നു. 5-ാമത്തെ വയസ്സിൽ ഒരു ബൈപ്പാസ് ഓപ്പറേഷൻ നടത്തി. തുടർന്ന് ഒരു ശസ്ത്രക്രിയ കൂടി വേണമെന്ന് ഡോക്ടർമാർ പറഞ്ഞിരുന്നെങ്കിലും അതിനാവശ്യമായ ഗ്രാഫ്റ്റ് കിട്ടാത്തതിനാൽ ഓപ്പറേഷൻ നടന്നില്ല. ദൈവമക്കളുടെ പ്രാർത്ഥനയുടെ ഫലമായി ഇത്രയും നാൾ വലിയ അസുഖങ്ങൾ കൂടാതെ ജീവിച്ചു.

ഒരു മാസം മുമ്പ് തനിക്ക് പെട്ടെന്ന് ശ്വാസം മുട്ടലും മറ്റ് ശാരീരിക ബുദ്ധിമുട്ടുകളും അനുഭവപ്പെട്ടതിനെ തുടർന്ന് തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു. പരിശോധനയിൽ ഉടനെ ഒരു ഓപ്പറേഷൻ വേണമെന്ന് പറയുകയും മുമ്പ് ചികിത്സിച്ചിരുന്ന ശ്രീ ചിത്തിര ആശുപത്രിയിലേക്ക് റഫർ ചെയ്യുകയും ചെയ്തു. എന്നാൽ അവിടുത്തെ ഡോക്ടർമാർ പറഞ്ഞത് ഈ ഓപ്പറേഷൻ ഇപ്പോൾ സാദ്ധ്യമല്ല. വീണ്ടും ഈ നിലയിലുള്ള പ്രയാസങ്ങൾ ഉണ്ടായതിനാൽ തൃശ്ശൂർ മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം എറണാകുളം അമൃതആ ശുപത്രിയിൽസ ഹോദരനെ കാണ്ടുപോയി. അവിടുത്തെ ടെസ്റ്റുകളുടെ അടിസ്ഥാനത്തിൽ എത്രയും വേഗം തന്റെ ഹൃദയവാൽവ് മാറ്റിവെയ്ക്കുകയും, ഹൃദയഭിത്തിയിലെ സുഷിരം അടച്ച്, പഴയ ബൈപാസ് മാറ്റുകയും വേണം എന്നറിയിച്ചു. ഈ ആവശ്യത്തിലേക്ക് 3.5 ലക്ഷം (മൂന്നര ലക്ഷം) രൂപ ചിലവ് വരും. 2012 സെപ്റ്റംബർ 13-ാം തീയതി ആണ് ഓപ്പറേഷൻ തീയതി നിശ്ചയിച്ചിരിക്കുന്നത്. പ്രിയ സഹോദരി കൂലിവേല ചെയ്തു, ദൈവമക്കളുടെ സഹകരണത്താലും 3 പെൺമക്കളുടെ വിവാഹം നടത്തി. ഒരു മകളുടെ ഭർത്താവാണ് സുവി. ബർന്നബാസ് ശിവഗംഗ, മൂത്തമകൻ ഓട്ടോ റിക്ഷ ഓടിച്ചു ലഭിക്കുന്ന തുച്ഛമായ വരുമാനം കൊണ്ടാണ് ഇപ്പോൾ കുടുംബം പുലരുന്നത്. ഇത്ര വലിയ ഒരു തുക സംഘടിപ്പിച്ച് സർജറി നടത്തുവാൻ സാധിക്കാത്തതിനാൽ ഞങ്ങൾ സഭയായി വളരെ പ്രാർത്ഥിച്ച് ഈ വിഷയം ദൈവജനത്തെ കർത്തൃനാമത്തിൽ അറിയിക്കുകയാണ്. ഈ ആവശ്യത്തിലേക്ക് സഭയിലെ സഹോദരന്മാരായ ബ്രദർ എം.യു. വിൽസൺ, ബ്രദർ കെ.വി. കുര്യച്ചൻ, ബ്രദർ എം.ജെ. സന്തോഷ് എന്നിവരുടെ പേരിൽ വടക്കാഞ്ചേരി എസ്.ബി.റ്റി. ബാങ്കിൽ ഒരു ജോയിന്റ് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. A/C No. 67191631665, IFS Code SBTR 0000187 ദൈവമക്കളുടെ വിലയേറിയ പ്രാർത്ഥനയും സാമ്പത്തിക സഹകരണവും സഭയായി അഭ്യർത്ഥിക്കുന്നു.

കൂട്ടായ്മ അയക്കേണ്ട വിലാസം

M.K. Jose, Muthathu House, Korenchira P.O., Kizhakkencherry Via, Palakkad - 678684, Kerala

പ്രാർത്ഥനയോടെ കോട്ടേക്കുളം സഭയ്ക്കു വേണ്ടി മൂപ്പന്മാർ

Br. Samuel P. Abraham Evg- Mob : 9495448947

Br. M.U. Wilson- Mob : 8547468440, Br. M.K. Jose - Mob : 9447728123

## പ്രാർത്ഥനയ്ക്കും സഹകരണത്തിനും

കർത്താവിൽ പ്രിയ സഹോദരി സഹോദരന്മാർക്ക്

നിങ്ങളുടെ പ്രാർത്ഥനയ്ക്കും സഹകരണത്തിനുമായി ഈ സ്ഥലം സഭയുടെ വിഷയം നിങ്ങളുടെ മുമ്പാകെ അറിയിക്കുന്നു.

കൂമ്പാറ (കോഴിക്കോട്) കുടിയേറ്റക്കാരായ കത്തോലിക്ക ക്രൈസ്തവരുടെ ഭൂരിപക്ഷമുള്ള സ്ഥലമാകുന്നു. 1984 മുതൽ 1990 വരെ കാലയളവിൽ സുവിശേഷകൻ ജോൺ വർഗ്ഗീസ് കടന്നു

വന്ന് പ്രവർത്തിച്ചതിന്റെ ഫലമായി ഈ സ്ഥലത്ത്, 1990 നവംബറിൽ വേർപെട്ട ദൈവജന ത്തിന്റെ കൂടിവരവ് ഉണ്ടാകുന്നതിനായി ദൈവം സഹായിച്ചു. ഇപ്പോൾ 10 കുടുംബങ്ങളിൽ നിന്നു മായി 30 പേര് കൂടിവരുന്നു.

2006-ൽ സഭാഹാൾ പണിയുന്നതിനും അതിൽ ആരാധിക്കുന്നതിനും ദൈവം സഹായിച്ചു. എന്നാൽ സഭാഹാളിനോട് ഉള്ള ബന്ധത്തിൽ കടബാധ്യത വന്നതിൽ നിന്നും ഇന്ന് ഞങ്ങൾക്ക് ഒരു മോചനമുണ്ടായിട്ടില്ല. 4 ലക്ഷത്തോളം രൂപ ആ നിലയിൽ കടം ശേഷിക്കുന്നു. ഞങ്ങളുടെ സുവിശേഷകൻ ബ്രദർ ജോൺ വർഗ്ഗീസ് സ്വന്തം ബാധ്യതയിലാണ് ഈ പണം കടം വാങ്ങിച്ചിട്ടു ള്ളത്. തിരികെ അടക്കാൻ നിവൃത്തിയില്ലാതെ പ്രതിസന്ധിയിലൂടെ ആണ് അദ്ദേഹം പോകുന്ന ത്. അത് പോലെ ഞങ്ങൾക്ക് സ്വന്തമായി ഒരു സെമിത്തേരി ഇല്ല. കഴിഞ്ഞ നാളുകളിൽ 4 പേരുടെ വേർപാടിന്റെ സമയത്ത് 30-ഉം 40-ഉം കിലോമീറ്റർ ദൂരത്തിലുള്ളതായ സഭകളെ ആശ്ര യിക്കേണ്ടിവന്നു.

സഭാഹാളിനോടുള്ള ബന്ധത്തിൽ വന്നതായ കടബാധ്യത പരിഹരിക്കേണ്ടതിനും സെമിത്തേ രിയുടെ ആവശ്യത്തിനുമായി 8 ലക്ഷത്തോളം രൂപ ആവശ്യമായിരിക്കുന്നു. ഈ വിഷയങ്ങൾ പരിഹരിക്കേണ്ടതിനായി നിങ്ങൾ പ്രാർത്ഥിക്കു കയും ദൈവപ്രേരണക്കനുസരണമായി സഹക രിക്കുകയും ചെയ്യുമെന്ന് പ്രത്യാശിക്കുന്നു.

എന്ന് ക്രിസ്തുവിൽ സ്നേഹപൂർവ്വം കൂമ്പാറ രഹോബോത്ത് ബ്രദറൺ സഭക്ക് വേണ്ടി,

ജോൺ വർഗ്ഗീസ്, ജെയിംസ് കെ.വി. മാത്യു പി.ഡി

ഞങ്ങളുടെ സഭയുടെ ജോയിന്റ് അക്കൗണ്ട് നമ്പരും ബാങ്കിന്റെ പേരും ചുവടെ ചേർക്കുന്നു.

S.B. Account No. 10561541541662,
IFC Code : SBIN 0008629, State Bank of India, Koodaranhi,
Customer Name : John Varghese, James K.V.

വിലാസം : John Varghese, Palamoottil, Koompara, Kozhikode

## വി.ബി.എസ്സും പഠന ഉപകരണ വിതരണവും

**മുക്കൂർ:** മുക്കൂർ ലോഗോസ് ക്രിസ്ത്യൻ ബ്രദ റൺ ചർച്ചിന്റെ ചുമതലയിൽ 2012 ഏപ്രിൽ 9 മുതൽ 13 വരെ വി.ബി.എസ് നടത്തുവാനിടയാ യി. 150-ലധികം കുട്ടികൾ സംബന്ധിച്ചു. 10ല ധികം കുട്ടികൾ രക്ഷിക്കപ്പെടുവാനിടയായി. കൂടാതെ സഭയുടെ ചുമതലയിൽ പൂവത്താന ത്തു നടന്നു വരുന്ന ഗുഡ്ന്യൂസ് ചിൽഡ്രൻസ് ക്ലബ്ബിന്റെ വാർഷികവും 2012 ജൂലൈ 8-ാം തീയതി നടത്തുവാനിടയായി. സഹോ. സാബു വർഗ്ഗീസ് കുമ്പനാട് അദ്ധ്യക്ഷനായിരുന്നു. സുവി. ജോഷി ഏബ്രഹാം വചനശുശ്രൂഷ നിർവ്വഹിച്ചു. കുട്ടി കൾക്കുവേണ്ടി വിവിധ വേദമത്സരങ്ങൾ നടത്തു വാനും വിജയികളായവർക്ക് സമ്മാനങ്ങൾ നൽകു വാനും ഇടയായി. കൂടാതെ കുമ്പനാട് കേന്ദ്രമായി പ്രവർത്തിക്കുന്ന ലവ് സെയിൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ സഹകരണത്തോടെ അർഹരായ 30-ല ധികം കുട്ടികൾക്ക് പഠന ഉപകരണങ്ങൾ വിതരണം ചെയ്യുവാനും ഇടയായി. ഇവിടെയുള്ള സഭയെയും പ്രവർത്തനങ്ങളെയും തുടർന്നും ദൈവജനം പ്രാർത്ഥനയിൽ ഓർത്താലും.

കെ.എം. മാത്യു, പി.റ്റി. തോമസ്, തോമസ്കുട്ടി കെ.വി

## സ്നാനശുശ്രൂഷ



**കരുമാലൂർ:** കരുമാലൂർ സഭയുടെ പ്രവർത്തന ങ്ങൾ അനുഗ്രഹമായി തുട രുന്നു. രണ്ടു പേരുടെ സ്നാനം 21.7.2012 ൽ നട ത്തുവാൻ ദൈവം കൃപ ചെയ്തു. പറവൂർ സഭാഹാ ളിൽ വച്ചു നടന്ന സ്നാന ശുശ്രൂഷ സഹോദരൻ കെ.സി. ഉദയൻ നിർവ്വഹി ച്ചു. തുടർന്നും ഈ സഭയെ പ്രാർത്ഥനയിൽ ഓർക്കുക.

## വി.ബി.എസ്സും സുവിശേഷ യോഗങ്ങളും

**മലമ്പുഴ:** ദൈവകൃപയാൽ കർത്തൃവേലകൾ സന്തോഷകരമായി തുടരുന്നു. ഏപ്രിൽ - മെയ് മാസ ങ്ങളിൽ 7 സ്ഥലങ്ങളിലായി 265 കുട്ടികളെ വി.ബി.എ സ്സിലൂടെ ദൈവവചനം അറിയിക്കുന്നതിന് ദൈവം സഹായിച്ചു. പുതിയ സ്ഥലം സഭ ലക്ഷ്യമാക്കിയുള്ള നെല്ലിയാമ്പതി പഞ്ചായത്തിലെ പ്രവർത്തനങ്ങളും തുടർന്നു വരുന്നു. ഇപ്പോൾ താമസ സൗകര്യം നില വിലില്ല.

ജൂലൈ 13,14,15 ദിവസങ്ങളിൽ ഇവിടത്തെ സഭയിൽ നടന്ന വിശേഷാൽ യോഗങ്ങളിൽ കർത്തൃദാസൻ കെ.വി. ഐസക്ക് (പീച്ചി) ശുശ്രൂഷകൾ നിർവ്വഹി ച്ചു. ബൈബിൾ ക്ലാസ്സുകളും സ്നാനശുശ്രൂഷയും, സണ്ടേസ്കൂൾവ ാർഷികവുംഅ നുഗ്രഹകരമായി നടത്തപ്പെട്ടു. തുടർന്നും മലമ്പുഴ സഭയേയും പ്രവർത്തനങ്ങളേയും ഓർത്ത് ദൈവജനം പ്രാർത്ഥി ക്കേണമേ.

ജോസഫ് കോട്ടപ്പുറം, സി.ജി. പോൾ,

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**ഒറീസ്സ:** ജൂൺ 21 മതുൽ 24 വരെ നടന്ന ബിലീവേഴ്സ് റിവൈവൽ മീറ്റിംഗ് അനുഗ്രഹമായിരുന്നു. ബ്രദർ എം.എ. പൗലോസ് (അങ്കമാലി) ബ്രദർ എ.ജി. ജേക്കബ്ബ് (വിശാഖപട്ടണം) എന്നിവർ ദൈവവചനം ശുശ്രൂഷിച്ചു. കന്തമാൽ, കേന്ദ്രപ്പാറ, മൽക്കാൻഗിരി, ലംതാപുട്ട് ജില്ലകളിൽ നിന്നുള്ള വിശ്വാസികളും ബ്രദർ സണ്ണി ടി. ഡാനിയേൽ, ബ്രദർ കെ.എം. പോൾ മുതലായ ദൈവദാസന്മാരുടെ സാന്നിദ്ധ്യവും അനുഗ്രഹമായിരുന്നു. ഇതിലേക്ക് സഹായഹസ്തം നീട്ടുകയും പ്രാർത്ഥനയിൽ വഹിക്കുകയും ചെയ്ത എല്ലാവർക്കും നന്ദി.

ഒറീസ്സയുടെ ഓരോ ഗ്രാമങ്ങളിലും സുവിശേഷത്തിന്റെ മാറ്റൊലി എത്തപ്പെടുവാൻ, തദ്ദേശീയരായ യുവാക്കളിലൂടെ അത് സാദ്ധ്യമാകുവാൻ, തെരഞ്ഞെടുക്കപ്പെട്ട യുവാക്കന്മാർക്കായി 6 മാസ ബൈബിൾ ട്രെയിനിംഗ്, ജൂൺ 25-ന് ആരംഭിച്ചിരിക്കുന്നു. ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു. പ്രാർത്ഥനയോടെ സഭയ്ക്കുവേണ്ടി സഹോദരന്മാർ

കിഷോർ ചന്ദ്ര ബോസ്, കെ.സി. തോമസ് ,

## സാന്ത്വനം ഗോസ്പൽ മിനിസ്ട്രീസ്

**കുട്ടമല:** കഴിഞ്ഞ ഒരു പതിറ്റാണ്ടായി തിരുവനന്തപുരം ജില്ലയിൽ നടന്നുവരുന്ന ഒരു ടീം പ്രവർത്തനമാണ് സാന്ത്വനം ഗോസ്പൽ മിനിസ്ട്രീസ്. സുവിശേഷ തൽപരരായ യുവാക്കളെ വിവിധ ശുശ്രൂഷകളിൽ പ്രോത്സാഹിപ്പിക്കുകയും അവരിലൂടെ സുവിശേഷം പ്രചരിപ്പിക്കുകയുമാണ് പ്രധാനലക്ഷ്യം.

സുവിശേഷ പ്രവർത്തനങ്ങൾ, കുഞ്ഞുങ്ങളുടെ ഇടയിലെ ശുശ്രൂഷകൾ, യുവാക്കളുടെ ഇടയിലെ പ്രവർത്തനങ്ങൾ, ട്രാക്റ്റ് പ്രിന്റിംഗ് & വിതരണം, പരസ്യയോഗങ്ങൾ, ബൈബിൾ ക്ലാസ്സുകൾ, പ്രാർത്ഥനായോഗങ്ങൾ, ഗ്രാമയോഗങ്ങൾ, സുവിശേഷ യോഗങ്ങൾ തുടങ്ങിയവ വിവിധ സ്ഥലം സഭകളുടെ സഹകരണത്തിൽ ചെയ്തു വരുന്നു. ഈ പ്രവർത്തനത്തെ ദൈവജനം പ്രാർത്ഥനയിൽ ഓർത്താലും.

സെപ്റ്റംബർ മാസത്തെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു

**പരസ്യയോഗങ്ങൾ രാവിലെ 9.30 മുതൽ**

7.9.12 – കാഞ്ഞിരംകുളത്തുനിന്നും ആരംഭിക്കുന്നു
14.9.12 – പൂവാർ നിന്നും ആരംഭിക്കുന്നു.
21.9.12 – നെയ്യാറ്റിൻകര നിന്നും ആരംഭിക്കുന്നു.
പ്രാർത്ഥനരാത്രി 9 മുതൽ ( 9633816555)
18.9.12 – സുവി. ഗോഡ്സന്റെ ഭവനത്തിൽ (കുട്ടമല) ഭവനസന്ദർശനം രാവിലെ 9.30 മുതൽ

28.9.12 – കൊറ്റാമം (9946504109)

കൂടുതൽ വിവരങ്ങൾക്ക്

സുവി. ഡി. സ്റ്റീഫൻ, 9495409407

## വൈ.എം.ഇ.എഫ്. മലബാർ ഡിവിഷൻ, സുവിശേഷ ക്യാമ്പ് 2012

**സ്ഥലം:** പാലമേട് ബ്രദറൺ അസംബ്ലി (മലപ്പുറം)

**തീയതി** : 2012 ഡിസംബർ 3,4,5

**മുഖ്യാതിഥികൾ:**പ ി.എസ്സ്.ത മ്പാൻ( റാന്നി), സാമുവൽ പി.ഏബ്രഹാം (കോട്ടേകുളം)

പ്രാർത്ഥിക്കുക, പങ്കെടുക്കുക.

സെക്രട്ടറി – 9447322627

## ക്രൈസ്തവ – ഇസ്ലാം സംവാദം

**കോട്ടയം:** റയിൽവേ സ്റ്റേഷനു സമീപമുള്ള മാലി ഇന്റർനാഷണൽ ഓഡിറ്റോറിയത്തിൽ വെച്ച് 2012 ജൂൺ 20 രാവിലെ പത്ത് മണി മുതൽ വൈകിട്ട് ആറ് മണി വരെ യേശു ദൈവമോ? എന്ന വിഷയത്തെ ആസ്പദമാക്കി ക്രൈസ്തവ ഇസ്ലാം സംവാദം സംഘടിപ്പിച്ചു. കേരളത്തിലെ പ്രമുഖ ഇസ്ലാം പ്രഭാഷകർ വേദിയിൽ ഉണ്ടായിരുന്നു. നൂറോളം മുസ്ലീം യുവാക്കൾ സംബന്ധിച്ചു. സുവിശേഷകരായ ജോസഫ് മാത്യു പൊൻകുന്നം, ജെയിംസ് ചെങ്ങളം, സാബു തുടങ്ങിയവർ സന്നിഹിതരായിരുന്നു. പാക്കിൽ സഭാ സുവിശേഷകനായ സിയാദ് ഇബ്രാഹിം കോട്ടയം, സുവി. മുനീർ കാഞ്ഞങ്ങാട് എന്നിവർ സംവാദം നയിക്കുകയും യേശുക്രിസ്തുവിന്റെ സുവിശേഷം അറിയിക്കുകയും ചെയ്തു. അനുധാവനപ്രവർത്തനങ്ങൾ നടന്നുവരുന്നു. ദൈവജനം പ്രാർത്ഥനയിൽ ഓർത്താലും.

സുവി. സിയാദ് ഇബ്രാഹിം കോട്ടയം.

ക്രൈസ്തവ ഇസ്ലാം സംവാദത്തിന്റെ സി.ഡി. ലഭ്യമാണ്. ബന്ധപ്പെടുക
ഫോൺ : 9746770960

## പ്രാർത്ഥനയ്ക്ക്

**കോഴിക്കോട്** : ദൈവകൃപയാൽ മുക്കം – തിരുവമ്പാടി പഞ്ചായത്തുകളിലും , കോഴിക്കോട് സിറ്റിയിലും സുവിശേഷ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി നടക്കുന്നു. മുക്കത്തെ സഭാ കൂടിവരവും കൃപയാൽ സന്തോഷമായിരിക്കുന്നു. തുടർന്നും ദൈവ ജനം ഈ പ്രവർത്തനങ്ങളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കണമെ.

പ്രത്യേകിച്ച് മുക്കം കെ.എം.സി.റ്റി – യിൽ മെഡിക്കൽ വിദ്യാഭ്യാസത്തിനായും മറ്റ് പ്രഫഷണൽ വിദ്യാഭ്യാസത്തിനായും കടന്നുവരുന്ന ദൈവമക്കൾക്ക് മുക്കം ബ്രദറൺ സഭയിൽ കടന്നുവന്ന് ദൈവത്തെ ആരാധിക്കുന്നതിനും മറ്റ് ശുശ്രൂഷ

കളിൽ സംബന്ധിക്കുന്നതിനും സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണെന്നും അറിയിച്ചുകൊള്ളുന്നു.

മുക്കം മെഡിക്കൽ കോളേജിന് സമീപം അഗസ്റ്റ്യൻ മൂഴിയിലാണ് ആരാധന നടക്കുന്നത്.

കൂടുതൽ വിവരങ്ങൾക്ക്

Evg. K.A. Peterkutty, 9/959, Marikunnnu P.O., Calicut - 673012, Kerala, India Ph : 9495862067

## പ്രാർത്ഥനയ്ക്ക്

**കല്ലിശ്ശേരി** : സുവി. ഫിലിപ്പ് ഏബ്രഹാമിന് കാൽമുട്ടുവേദനയെത്തുടർന്നു അടിയന്തിരമായി ഒരു സർജറി ആവശ്യമായിരിക്കുന്നു. ദൈവഹിതമായാൽ സെപ്റ്റംബർ അവസാന ആഴ്ചയിൽ മുട്ടുമാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുവാനാഗ്രഹിക്കുന്നു. യാതൊരു പ്രയാസവും കൂടാതെ ശസ്ത്രക്രിയ നടക്കുവാനും എത്രയും വേഗം പൂർണ്ണസൗഖ്യം പ്രാപിക്കുവാനും ദൈവമക്കൾ പ്രാർത്ഥിക്കണമെ.

സഹോദരന്റെ വിലാസം : Philip Abrhaham, Prarthana Bhavan, Mazhukeer, Kallissery P.O, Alappuzha - 684 124, Tel : 0479 - 2427556

## കോട്ടയം കൺവൻഷൻ – 2012

***ഡിസംബർ 3 മുതൽ ഡിസംബർ 9 വരെ***

**കോട്ടയം:** 83–ാമതു കോട്ടയം ബ്രദറൺ കൺവൻഷൻ 2012 ഡിസംബർ 3 മുതൽ 9 ഞായറാഴ്ച വരെ കോട്ടയം തിരുനക്കര മൈതാനത്തു വെച്ച് നടത്തുവാൻ കർത്താവിൽ ആശ്രയിച്ചു തീരുമാനിച്ചിരിക്കുന്നു. ഈ വർഷത്തെ പ്രസംഗകർ : ബ്രദർ പി.ജി. ജെയിംസ് (തണ്ണിത്തോട്), അജോയ് ടി. മാത്യു ( മുംബൈ), എം.എം. സഖറിയ, ജോൺ കുര്യൻ, ചാണ്ടപ്പിള്ള ഫിലിപ്പ്, വർഗീസ് കെ. കുര്യൻ, സജീവ് വർഗീസ് എന്നീ ദൈവദാസന്മാരായിരിക്കും.

രാവിലെ 8.00–നു പ്രഭാത ധ്യാനം, വൈകിട്ട് 4.30 മുതൽ ബൈബിൾ പ്രഭാഷണം , 5.45 മുതൽ ഗാനശുശ്രൂഷ (കൺവൻഷൻ ഗായകസംഘം) 7.00 മുതൽ സുവിശേഷ സന്ദേശം . കൂടാതെ പരസ്യയോഗം, സുവിശേഷകന്മാരുടെ സമ്മേളനം, ബാലസംഗമം, യുവജനസമ്മേളനം എന്നീ പരിപാടികളും ഉണ്ടായിരിക്കും.

കൺവൻഷന്റെ അനുഗ്രഹത്തിനുവേണ്ടി ദൈവജനം ശ്രദ്ധയോടെ പ്രാർത്ഥിക്കണമെ.

കോട്ടയം കൺവൻഷൻ കമ്മിറ്റിക്കുവേണ്ടി

മാത്യു ഏബ്രഹാം, കൺവീനർ

## എസ്. പി. എസ് ഫണ്ട് മാസയോഗം ബി. വിഭാഗം

**ശബരിമാങ്കൽ** : ദൈവകൃപയാൽ എസ്.പി.എസ് ഫണ്ട് 'ബി' വിഭാഗം സഭകളുടെ മാസയോഗം ആഗസ്ത് 11 ശനി 10 മുതൽ 1 മണി വരെ ചാത്തൻതറ ബ്രദറൺ സഭാഹാളിൽ വച്ച് സുവി. ജോൺ ചാക്കോയുടെ അദ്ധ്യക്ഷതയിൽ നടന്നു. 12 സഭകളിൽ നിന്നായി അമ്പതിലധികം സഹോദരി സഹോദരന്മാരും സുവിശേഷകന്മാരും പങ്കെടുത്തു. കർത്തൃദാസൻ എം.ജെ. ജോബ് ദൈവവചനം ശുശ്രൂഷിച്ചു. കർത്തൃഹിതമായാൽ അടുത്ത യോഗം സെപ്തംബർ 8 ശനിയാഴ്ച ചക്കിട്ടാംപൊയ്ക സഭാഹാളിൽ വച്ച് നടക്കുന്നതാണ്.

എന്ന് മാസയോഗത്തിനു വേണ്ടി
സെക്രട്ടറി സുവി. ജോൺ മാത്യു

## അടിയന്തിര പ്രാർത്ഥനയ്ക്ക്

**ബൊക്കാറോ:** മലപ്പുറം ജില്ലയിലെ പട്ടാമ്പി എന്ന സ്ഥലത്തു കർത്തൃവേല ചെയ്യുന്ന സുവി. പി.യു. തോമസിന്റെ മകൾ ആൻസിയും ഭർത്താവ് ഷിജു തോമസും ആഗസ്റ്റ് 12 നു തങ്ങളുടെ ജോലി സ്ഥലമായ ബീഹാറിൽ നിന്നും ബൊക്കാറോ സിറ്റിയിലേക്ക് ഡ്രൈവ് ചെയ്യവെ, അവരുടെ കാർ ട്രാക്ടറുമായി കൂട്ടിയിടിച്ചതിനാൽ ഇരുവർക്കും ഗുരുതരമായി പരിക്കു പറ്റി ബൊക്കാറോ സിറ്റി ഹോസ്പിറ്റലിൽ അഡ്മിറ്റാണ്. സഹോദരൻ ഷിജുവിനു തോളെല്ലിനാണ് പൊട്ടൽ. ഇൻഫെക്ഷനായതിനെ തുടർന്നു തന്നെ വെല്ലൂർ മെഡിക്കൽ കോളേജിലേക്ക് മാറ്റിയിരിക്കുന്നു. എത്രയും വേഗം സൗഖ്യം ലഭിക്കേണ്ടതിനായി ദൈവജനം പ്രാർത്ഥിക്കണമെ.

സ്വ. ലേ.

## കത്തുകൾ

**കത്തുകൾ**

വളരെ യാദൃശ്ചികമായിട്ടാണ് 'വേർപാട്' എന്ന മാസിക കാണുവാൻ ഇടയായത്. വളരെ ഈടുറ്റതും ദൈവവചന ഉപദേശ സത്യങ്ങളെ മുറുകെ പിടിക്കുന്നതുമായ നല്ല ലേഖനങ്ങൾ അതിൽ നിന്നും വായിക്കുവാനിടയായി. വചനസത്യങ്ങളെ മുറുകെ പിടിക്കുവാൻ മടി കാണിക്കുന്ന ഈ കാലയളവിൽ, നിങ്ങൾ തുടങ്ങിയ ഈ ഉദ്യമത്തെ ദൈവം മാനിയ്ക്കട്ടെ. ദയവായി എനിക്കും തുടർച്ചയായി ഈ മാസിക അയച്ചുതരുമല്ലോ. പരസ്പരം പ്രാർത്ഥനയിൽ വഹിക്കാം.

**ഗോഡ്സൺ പി.എസ്, തിരുവനന്തപുരം**



# ദൈവം യോജിപ്പിച്ചതിനെ മോശെ വേർപിരിക്കരുത്

തോമസ് മത്തായി – ആനിക്കാട്

“വിവാഹമോചനക്കേസുകളുടെ കാര്യത്തിൽ തല സ്ഥാന, സാംസ്ക്കാരിക തലസ്ഥാനങ്ങൾ കുതിക്കുന്നു... ശരി തെറ്റുകളോ, ന്യായന്യായങ്ങളോ അറിയാതെ കുറെകുട്ടികൾ... ‘കൊണ്ടുപോകല്ലേ’ എന്ന് ചിലർ വാവിട്ട് കരയുന്നു... അവർക്കായി പിടിവലി, ഉന്തും തള്ളും.... ജീവിതത്തിന്റെ വിചിത്രമായ യുദ്ധക്കളം.... കോടതി വരാന്തകളിലെ ജീവിത കാഴ്ച.. ജനസാന്ദ്രത കൂടുതലായതും, ഉയർന്ന വിദ്യാഭ്യാസം തേടി സ്വയംപര്യാപ്തമായ സ്ത്രീകളുടെ സംഖ്യ കൂടിയതും, സ്വർണ്ണ വിലയിലുണ്ടായ ക്രമാതീതമായ വളർച്ചയും... വിവാഹമോചനങ്ങൾ വർദ്ധിക്കുവാൻ കാരണമായി എന്ന് കുടുംബകോടതി ചൂണ്ടിക്കാണിക്കുന്നു... 20% വരുന്ന ആദിവാസികൾക്കിടയിൽ വിവാഹം നിയമപ്രകാരമല്ല, അതിനാൽ വിവാഹമോചനവും കണക്കുകളില്ല. (മ. മനോരമ 31.7.12)

അടിസ്ഥാനപ്രമാണം ഇല്ലായ്മ, ആലോചനയുടെ അപര്യാപ്തത, ആശയങ്ങളുടെ അഭാവം, ആഭരണം, അഹങ്കാരം, അലസത, അലക്ഷ്യത, അതി സമ്പന്നതാമോഹം തുടങ്ങിയ കാര്യങ്ങളാൽ കുഴഞ്ഞുമറിഞ്ഞ്, ആടിയുലയുന്ന കുടുംബജീവിതങ്ങളുടെ ദാരുണ ചരിത്രം ആരെയും കരളലയിപ്പിക്കുന്നതും, ചിലരെയെങ്കിലും ചിന്തിപ്പിക്കുവാനും, തിരുത്തുവാനും പ്രേരിപ്പിക്കുന്നതുമായിരുന്നു. പ്രസ്തുത ലേഖനത്തിലെ ഏതാനും ചില വരികളാണ് മേൽ ഉദ്ധരിച്ചത്.

ലോകജനങ്ങൾ, തങ്ങളുടെ പ്രമാണപ്രകാരം ജീവിച്ച് വിധി ഏറ്റുവാങ്ങട്ടെ. ദൈവ ജനമോ? – “ന്യായപ്രമാണം ഉണ്ടായിട്ട്, വിവാഹമോചനം ചെയ്തവർ ഒക്കെയും, ന്യായപ്രമാണത്താൽ വിധിക്കപ്പെടും.” (റോമ 2:12) എന്ന പോലെ ഉപദേശ പ്രമാണ പ്രകാരം ജീവിക്കേണ്ടതുമാകുന്നു. “If there is no Law, then there is nothing to disobey. (Rom 4:15)

ഈ ദുഷ്കാലത്തിൽ , പ്രസംഗിക്കാതെ തന്നെ പ്രചരിക്കുകയും, പാലിക്കുവാൻ മടിയോ, വ്യസനമോ, ലജ്ജയോ ഇല്ലാത്ത ഒരു വിഷയമാണ് വിവാഹമോചനം. (പ്രസംഗിക്കുന്ന മറ്റ് അനേക വിഷയങ്ങൾ പ്രചരിക്കുകയോ, പാലിക്കുകയോ ചെയ്യുന്നത് വിരളം).

ഈ വിഷയ സംബന്ധമായി, പുതിയ നിയമത്തിലെ ചില വേദഭാഗങ്ങൾ ഇവയാണ്. മത്താ. 5:31, 32, 19: 3–9, മർക്കോസ് 10:2–12, ലൂക്കോ: 16:18, 1 കൊരി. 7:10–17, ഇവ ചേർത്ത് വായിക്കുമ്പോൾ, പരസംഗം നിമിത്തം ഭാര്യയെ ഉപേക്ഷിക്കാം എന്നു ചിന്തിക്കുവാൻ സാധ്യതയുണ്ട്. പാശ്ചാത്യരുടെ ഇടയിൽ ഭാര്യ കൂർക്കം വലിച്ചുറങ്ങിയാലും, ഉപേക്ഷണം; പരസംഗം നിമിത്തം എന്ന് കോടതി വിധി. പണം എന്ന അച്ചുതണ്ടിന്മേൽ വിധി കറങ്ങുന്ന കാലം. ആത്മീക ഗോളത്തിലും.

മത്തായിയുടെ സുവിശേഷത്തിൽ മാത്രമാണ് ഇപ്രകാരം ഒരു പ്രസ്താവന കാണുന്നത്. പൗലോസോ, കർത്താവോ ഇപ്രകാരം ഒരു അനുവാദം, കൊടുത്തതായി വാദിക്കുന്നില്ല. പരീശന്മാർ വന്ന് കർത്താവിനെ ‘പരീക്ഷിച്ചു’ ചോദിച്ചതിന് മറുപടിയാണ് കർത്താവ് പറഞ്ഞത്.

‘എന്താണ് അവർ പരീക്ഷിച്ചത്’ എന്ന് നാം ചിന്തിക്കണം. ന്യായപ്രമാണത്തെ നിവർത്തിക്കുവാൻ വന്ന യേശു, ന്യായ പ്രമാണ ദാതാവായ മോശെക്ക് അനുകൂലമായി പറയുമോ? അതോ പതികൂലമായിപ റയുമോ?ക ർത്താവിനെകുടുക്കണം എന്ന ചിന്ത ഇതാണ് അവർ പരീക്ഷിച്ചത്. (കർത്താവിന് ബൈബിൾ ക്ലാസ്സ് എടുക്കുവാൻ മടിക്കാത്തവർ ഇക്കാലങ്ങളിലും കണ്ടേക്കാം).

**ലോകജനങ്ങൾ, തങ്ങളുടെ പ്രമാണപ്രകാരം ജീവിച്ച് വിധി ഏറ്റുവാങ്ങട്ടെ. ദൈവ ജനമോ? – “ന്യായപ്രമാണം ഉണ്ടായിട്ട്, വിവാഹമോചനം ചെയ്തവർ ഒക്കെയും, ന്യായപ്രമാണത്താൽ വിധിക്കപ്പെടും.”**

സൃഷ്ടിച്ചത് മുതലുള്ള കാര്യങ്ങൾ വിശദീകരിച്ച് സംശയരഹിതമായി കർത്താവ് ഉത്തരം നൽകി. "അവർ മേലാൽ രണ്ടല്ല, ഒരു ദേഹമത്രെ, ദൈവം യോജിപ്പിച്ചതിനെ മനുഷ്യർ വേർപിരിക്കരുത്." (മത്താ. 19:6). പരീശന്മാർ വീണ്ടും ചോദിക്കുന്നു. "ഉപേക്ഷണ പത്രം എഴുതികൊടുത്ത് അവളെ ഉപേക്ഷിക്കാൻ മോശെ കല്പിച്ചത് എന്ത്"

കർത്താവിന്റെ മറുപടി:- മോശെ കൽപ്പിച്ചില്ല, അനുവദിക്ക മാത്രമേ ചെയ്തുള്ളു. അതും നിങ്ങളുടെ ഹൃദയ കാഠിന്യം നിമിത്തമാണ്. ആദിയിൽ അങ്ങനെയല്ലായിരുന്നു. "Better divorce them than to worse". എന്ന അനുവാദം.

പരസംഗം നിമിത്തം വേർപിരിയാം എന്നത് ഒരു പൊതു പ്രമാണമായിരുന്നു എങ്കിൽ, കർത്താവ് ഇപ്രകാരം പറയുമായിരുന്നു. ദൈവം യോജിപ്പിച്ചതിനെ മോശെമാർക്ക് വേർപിരിക്കാം... ആദിയിൽ വേർപിരിക്കരുത് എന്ന പ്രമാണം അബദ്ധമായിപോയി....കാലം മാറുന്നതിനനുസരിച്ച് ആദിയിലെ പ്രമാണങ്ങൾക്കും ... ആരെയും മുഷിപ്പിക്കരുതല്ലോ....

മുഖപക്ഷം കാണിക്കാത്ത ദൈവം, മോശെയെ കുറ്റപ്പെടുത്താതെയും, അപ്പോൾ തന്നെ ആദിയിലെ ദൈവികപദ്ധതികളും ഉദ്ദേശത്തിനും അഴിച്ചുപണി നടത്താതെ സ്ഥിരപ്പെടുത്തിയുമാണ് ഉത്തരം നൽകിയത് എന്നത് എത്രയോ ഗൗരവം അർഹിക്കുന്നു.

പരസംഗം നിമിത്തം എന്ന് മത്തായി മാത്രം എഴുതുവാനും കാരണമുണ്ട്. യെഹൂദന്മാർക്ക് വേണ്ടിയാണല്ലോ മത്തായി സുവിശേഷം എഴുതിയത്. ആകയാൽ, മോശെയുടെ ന്യായപ്രമാണത്തെ ഉൾക്കൊണ്ടും, അതോടൊപ്പം ആദിയിലെ ദൈവിക പദ്ധതി അവരെ ഗ്രഹിപ്പിക്കുകയും വേണം എന്നുള്ളത്, ലേഖകന്റെ ലക്ഷ്യമായി മനസ്സിലാക്കാം. യെഹൂദരീതി പ്രകാരം, വിവാഹനിശ്ചയ ശേഷം ചില നാളുകൾ കഴിഞ്ഞാണല്ലോ വിവാഹ കർമ്മം നടക്കുന്നത്. നിശ്ചയ ശേഷം അവളിൽ അയോഗ്യത കണ്ടാൽ – Pre-marital immorality or fernication – വിവാഹം നടക്കാതെ ഉപേക്ഷിക്കാമായിരുന്നു. യോസേഫ് മറിയയെ ഗൂഢമായി ഉപേക്ഷിക്കാൻ ഭാവിച്ചു. (മത്താ. 1:19). ഈ സംഭവം ലൂക്കോസ് രേഖപ്പെടുത്തിയിട്ടില്ല.

ഹൃദയകാഠിന്യം നിമിത്തം ഭാര്യയെ ഉപേക്ഷിക്കാം എന്ന മോശെയുടെ അനുവാദം, പുതിയ നിയമത്തിൽ, കല്പനയായി സ്വീകരിച്ച്, അതിന്റെ മറവിൽ ഉപേക്ഷണം, പുനർവിവാഹം ഇവ ചെയ്യുവാൻ പാടുള്ളതല്ല, ഭാര്യ അവയവമല്ല, ശരീരമാണ്. ശരീരത്തെ ഉപേക്ഷിക്കാം എന്ന് വന്നാൽ ഏകദേഹമാകും എന്ന ദൈവവ്യവസ്ഥ ലംഘിക്കപ്പെടുന്നു. സഭയുടെ ചെറിയ ഘടകമായ (യൂണിറ്റ്) കുടുംബത്തിന്റെ നിർമ്മാണരീതിയ്ക്ക് ഇളക്കം തട്ടിയാൽ, സഭയുടെ ആരോഗ്യകരമായ വളർച്ചയ്ക്ക് അത് തടസ്സമാകും. ക്രിസ്തീയ പ്രമാണമനുസരിച്ച്ന ടക്കുന്നഎ ല്ലാവ ിവാഹങ്ങളിലും ഉച്ചത്തിൽ പറയുന്നത് : മരണത്താൽ അല്ലാതെ വേർപിരിയരുത് എന്നത്രേ. അതല്ലാതെ പരസംഗം നിമിത്തം വേർപിരിയാം എന്നൊരു അനുവാദം അഥവാ വിട്ടുവീഴ്ച യാതൊരു വിഭാഗക്കാരും പറഞ്ഞു കൊടുക്കാറില്ല.

> ഹൃദയകാഠിന്യം നിമിത്തം ഭാര്യയെ ഉപേക്ഷിക്കാം എന്ന മോശെയുടെ അനുവാദം, പുതിയ നിയമത്തിൽ, കല്പനയായി സ്വീകരിച്ച്, അതിന്റെ മറവിൽ ഉപേക്ഷണം, പുനർവിവാഹം ഇവ ചെയ്യുവാൻ പാടുള്ളതല്ല,

"The clear teaching of the Scripture is that God does not recognize divorce. .. as we believers are concerned, the editors view is that we should not approve divorce or remarriage" (Steward news : Dec. 1998)

ഉപേക്ഷണവും, പുനർവിവാഹവും ആകാം എങ്കിൽ, എത്ര പ്രാവശ്യം വരെ, എത്ര പ്രായം വരെ... എന്നിങ്ങനെയുള്ള ചോദ്യങ്ങളും പിന്നാലെ വരുന്നുണ്ട്. സഭാതലത്തിൽ ഈ അനുവാദം പ്രാബല്യത്തിലായാൽ അനേകർക്കും 'സങ്കേത നഗരങ്ങളായി' സഭകൾ ആയിത്തീരും. ആൾബലം, പണബലം, പൗരാണികത്വം ഇവയുടെ മറവിൽ ജീവിതത്തിന് വിലകുറഞ്ഞാലും, കുറച്ചാലും, പ്രമാണത്തിന് വില കുറയ്ക്കരുത്. ജീവിതത്തിൽ ടൺ കണക്കിന് മായം ചേർത്താലും വചനത്തിൽ ഒരു ഗ്രാം പോലും മായം ചേർക്കരുത്.' പണംപ ാപങ്ങളുടെബ ഹുത്വത്തെ മറയ്ക്കുകയില്ല. ആദിയിൽ എപ്രകാരമായിരുന്നുവോ, അപ്രകാരം തന്നെയുള്ള പ്രമാണം അവസാനം വരെ തുടരട്ടെ.

"വചനത്തെ നിന്ദിക്കുന്നവൻ അതിന് ഉത്തരവാദി. (സദൃ 13:13).

അന്യോന്യം സ്നേഹം, ദുഃഖം, വിചാര - വികാരങ്ങൾ പങ്കുവയ്ക്കുവാനും സന്താനോല്പാദനത്തിനും വേണ്ടി ഏകനായിരുന്ന ആദമിന് തക്കതുണ ഉണ്ടാക്കി യോജിപ്പിച്ചതും, ഭാവിയിൽ ഒടുക്കത്തെ ആദമായ ക്രിസ്തു വെളിപ്പെടുവാനും, തനിക്ക് സഭയോടുള്ള അനുരാഗം, സ്വീകരണം ഇവ ലോകത്തിന് വെളിപ്പെടുത്തുവാനുമായി ദൈവം സ്ഥാപിച്ച വിവാഹം എന്ന ദിവ്യപദ്ധതിയെ ആരെല്ലാം സ്വാർത്ഥതാല്പര്യങ്ങൾക്കായി വളച്ചൊടിച്ചാലും അവർ അതിന് ഉത്തരവാദി. കൂട്ടാളികളും....

## കത്തുകൾ

കർത്താവിൽ പ്രിയ സഹോദരന്, സ്നേഹവന്ദനം

വേർപാട് വാർത്താപത്രിക നാട്ടിൽ വന്നപ്പോൾ ഒരു വിശ്വാസഭവനത്തിൽ വെച്ച് കാണുവാനും വായിക്കുവാനുമിടയായി. തിരുവചനാടിസ്ഥാനത്തിലുള്ള ഉപദേശ സത്യത്തിൽ വേർപെട്ട ദൈവജനത്തിന്റെ (ബ്രദറൺ അസംബ്ലി) ആത്മീയ ഉത്തേജനത്തിനും, പ്രാർത്ഥനാ വിഷയങ്ങൾ പരസ്പരം അറിഞ്ഞു പ്രാർത്ഥിക്കുവാനും ഉതകുന്ന ഒരു പ്രസിദ്ധീകരണമായി പ്രഥമദൃഷ്ടിയാൽ മനസ്സിലാക്കി. എനിക്കും. 'വേർപാട്' വാർത്താപത്രിക അയച്ചു തരുമല്ലോ. വരിസംഖ്യ താമസിയാതെ അയക്കുന്നു.

സസ്നേഹം പ്രാർത്ഥനയോടെ
**സഹോ. കെ.സി. തോമസ്, ഒറീസ**

തുടർച്ച പേജ് 08 ▶

**വിവാഹത്തിൽ ദൈവഹിതം എങ്ങനെ മനസ്സിലാക്കാം.**

ദാമ്പത്യജീവിതത്തിലുണ്ടാകുന്ന പ്രശ്നങ്ങളെപ്രതി അവസാനിപ്പിക്കാവുന്നതോ വെച്ചു മാറാവുന്നതോ ആയ ബന്ധമല്ല ഭാര്യാഭർത്തൃബന്ധം. ഒരിക്കൽ പ്രവേശിച്ചു കഴിഞ്ഞാൽ വ്യത്യാസം വരുത്തുവാൻ സാധിക്കാത്ത ഉടമ്പടിയുടെ ബന്ധം എന്ന നിലയ്ക്ക് വളരെ കരുതലോടെ വേണം വിവാഹജീവിതത്തിലേക്ക് കാലെടുത്തു വെക്കാൻ.

ദൈവം തനിക്കായി ഒരുക്കിയിരിക്കുന്ന തക്ക തുണയെ കണ്ടെത്തുക എന്നതു ഗൗരവമുള്ള കാര്യമാണ്. ദൈവഭക്തിക്കും ആത്മീക കാഴ്ചപ്പാടിനും പ്രഥമസ്ഥാനം കൊടുക്കുന്നവർക്ക് മാത്രമേ ഇതു സാധ്യമാകൂ. മനസ്സു പുതുക്കുകയാണ് ദൈവഹിതം തിരിച്ചറിയാനുള്ള പ്രഥമ മാർഗ്ഗം (റോമ. 12:1–2).

യുവതീയുവാക്കൾ വിവാഹാലോചനയോടുള്ള ബന്ധത്തിൽ പ്രാർത്ഥനയോടെ പരസ്പരം കാണുമ്പോൾ ഉള്ളിലുണ്ടാകുന്ന ബോധ്യം ദൈവഹിതം മനസ്സിലാക്കുന്നതിലെ പ്രധാനഘടകമാണ്. ആത്മീകതയാണ് തിരഞ്ഞെടുപ്പിന്റെ അടിസ്ഥാന മാനദണ്ഡമെങ്കിൽ ഇരുക്കൂട്ടർക്കും തക്ക തുണയെ തിരിച്ചറിയാനാകും.

തന്റെ വിശ്വാസത്തോടും ആത്മീക ദർശനത്തോടും ചേർന്നു പോകുന്ന വ്യക്തിയാണോ തന്റെ പങ്കാളിയാകാൻ പോകുന്നതു എന്നതു ആദ്യ കൂടിക്കാഴ്ചയിൽ തന്നെ ആശയവിനിമയത്തിലൂടെ മനസ്സിലാക്കാൻ കഴിയണം. രണ്ടാമതായി വിദ്യാഭ്യാസപരമായും ശാരീരികമായും സാമ്പത്തികമായും സാമൂഹ്യമായും ചേർന്നു പോകാൻ സാധിക്കുന്ന ബന്ധമാണോ എന്നും ശ്രദ്ധിക്കുന്നത് നല്ലതാണ്. വിവാഹജീവിതത്തിൽ ആത്മീക ദർശനത്തിനു പ്രഥമ സ്ഥാനം നൽകി തീരുമാനങ്ങളെടുക്കുന്നവർക്കു നിരാശപ്പെടേണ്ടി വരില്ല.

രണ്ടു വ്യത്യസ്ത വ്യക്തിത്വങ്ങൾക്കു ഉടമകൾ എന്ന നിലയിൽ കുടുംബജീവിതത്തിൽ ആശയപരമായ വിയോജിപ്പുകൾ ഉണ്ടാകാം. എന്നാൽ അതു പരിഹരിച്ചു, സ്നേഹത്തിൽ മുന്നേറുവാൻ ദൈവഹിതപ്രകാരം ജീവിക്കുന്ന ദമ്പതികൾക്കു എളുപ്പം സാധിക്കും.

ദൈവത്തോട് ആലോചന ചോദിക്കുക, പ്രാർത്ഥിക്കുക, ദൈവദാസന്മാരുടെയും മാതാപിതാക്കളുടെയും സാക്ഷ്യം ശ്രവിക്കുക, സ്ഥലം സഭയുടെ ആലോചനയ്ക്കു കാതോർക്കുക എന്നീ മാർഗ്ഗങ്ങളിലൂടെ ദൈവഹിതം മനസ്സിലാക്കാം.

ദൈവഭക്തിയും ആത്മീകദർശനവും എന്നതിനു പകരം സമ്പത്ത്, സൗന്ദര്യം, പാരമ്പര്യം, കുടുംബ മഹിമ എന്നിവയ്ക്കാണ് മുൻഗണനയെങ്കിൽ വിവാഹജീവിതത്തിൽ താളം തെറ്റലുകൾ ഉണ്ടാകാൻ സാധ്യതയുണ്ട്.

**വിവാഹാനുബന്ധ പാപങ്ങൾ**

ഒരു സ്ത്രീയും പുരുഷനും പരസ്പരം ചെയ്യുന്ന സ്വീകരണ ഉടമ്പടിയാലാണ് വിവാഹിതരാകുന്നത്. (മലാഖി 2:14) എന്നു നാം കണ്ടുകഴിഞ്ഞു. വിവാഹ ഉടമ്പടി ചെയ്യുന്ന സമയത്തു തന്നെ സ്ഥാനീയമായി (Positionally) അവർ ഒന്നായിത്തീരുന്നു. എന്നാൽ ശാരീരിക ബന്ധത്തിലേർപ്പെടുമ്പോഴാണ് അവർ പ്രായോഗികമായി (Practically) ഏകദേഹമായിത്തീരുന്നതു (1 കൊരി. 6:16).

വിവാഹ ഉടമ്പടിയിൽ ഭാര്യാഭർത്താക്കന്മാരായി തീർന്നവർക്കേ ശാരീരികബന്ധത്തിലൂടെ ഏകദേഹമായിത്തീരാൻ ദൈവവചനം അനുവദിക്കു

**ദാമ്പത്യജീവിതത്തിലുണ്ടാകുന്ന പ്രശ്നങ്ങളെപ്രതി അവസാനിപ്പിക്കാവുന്നതോ വെച്ചു മാറാവുന്നതോ ആയ ബന്ധമല്ല ഭാര്യാഭർത്തൃബന്ധം. ഒരിക്കൽ പ്രവേശിച്ചു കഴിഞ്ഞാൽ വ്യത്യാസം വരുത്തുവാൻ സാധിക്കാത്ത ഉടമ്പടിയുടെ ബന്ധം എന്ന നിലയ്ക്ക് വളരെ കരുതലോടെ വേണം വിവാഹജീവിതത്തിലേക്ക് കാലെടുത്തു വെക്കാൻ.**

ന്നുള്ളൂ. അതിനു വെളിയിലുള്ള ലൈംഗികവേഴ്ചകളെ വ്യഭിചാരം എന്നും പരസംഗം എന്നും തിരുവെഴുത്തു വിളിക്കുന്നു. ഇതിനു മരണശിക്ഷയാണ് പഴയനിയമകാലത്ത് നൽകിയിരുന്നത്.

സ്വതന്ത്ര ലൈംഗികത (Free Sex) എന്ന തത്വത്തിൽ അധിഷ്ഠിതമായ ആധുനിക ലോക സാഹചര്യങ്ങളിൽ ദൈവജനം വളരെ വിലകൊടുക്കേണ്ട ഒരു രംഗമായി ലൈംഗികത മാറിയിരിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ രംഗങ്ങളും ലൈംഗിക ചൂഷണത്തിന്റെ വേദികളായി മാറിയിരിക്കുന്ന കാര്യം വാർത്താമാധ്യമങ്ങളിലൂടെ നാം കാണുന്നല്ലോ.

ഒരു പുരുഷനോ സ്ത്രീയോ ശാരീരിക ബന്ധത്തിൽ ഏർപ്പെടുമ്പോൾ അവർ ഏകദേഹമായിത്തീരുന്നു. (1 കൊരി. 6:16). വിവാഹബന്ധത്തിനു പുറത്തു അങ്ങനൊരു ബന്ധം ദൈവം അനുവദിക്കുന്നില്ല. അതു പാപം തന്നെ. വിവാഹത്തിനു മുമ്പോ വിവാഹത്തിനു ശേഷമോ (വിവാഹബന്ധത്തിനു വെളിയിൽ) ശാരീരിക ബന്ധത്തിലേർപ്പെടുന്നതു ദുർന്നടപ്പാണ് (സദൃ. 6:32). ദൈവക്രോധം ക്ഷണിച്ചുവരുത്തുന്നതാണ്.

വിവാഹാനുബന്ധമായി നടക്കുന്ന മറ്റൊരു പാപമാണ് അവിശ്വാസികളുമായുള്ള വിവാഹ ബന്ധം (2 കൊരി 6:14). ഒരു ദൈവപൈതൽ ദൈവപൈതലിനെ മാത്രമേ വിവാഹം കഴിക്കാവൂ എന്നു തിരുവെഴുത്തു കല്പിക്കുന്നു. (1 കൊരി. 7:39) വിവാഹജീവിതം സന്തുഷ്ടമാകണമെങ്കിൽ ഒരേ വിശ്വാസദർശനവും ഉപദേശ ദർശനവുമുള്ളവരെ വിവാഹം കഴിക്കേണ്ടിയിരിക്കുന്നു. അല്ലാത്ത പക്ഷം വിശ്വാസജീവിതത്തിൽ വലഞ്ഞുപോകാനുള്ള ഒരു വേദിയായി വിവാഹബന്ധം പരിണമിക്കും.

> ദൈവം മനുഷ്യനു നൽകിയ അത്യുത്തമമായ വരദാനമാണ് ദാമ്പത്യജീവിതം. ദൈവസന്നിധിയിൽ മാന്യമായ ഒരു ബന്ധം. മനുഷ്യനു സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമുള്ള വേദി. ആ ബന്ധത്തിൽ അവർ പരസ്പരം വിശ്വസ്തരായിരിക്കണം

മൂന്നാമതായി, തിരുവചനം വിലക്കുന്ന ബന്ധമാണ് സ്വവർഗ്ഗരതി. ഇന്നു നമ്മുടെ രാജ്യം പോലും സ്വവർഗ്ഗ രതിക്കു നിയമസാധുത നൽകിയിരിക്കുകയാണ്. മരണകരമായ പാപമായാണ് തിരുവെഴുത്തു സ്വവർഗ്ഗരതിയെ വീക്ഷിക്കുന്നതു (റോമ.1:26, 27; ലേവ്യ 18:22).

ഈ ലോകത്തിൽ ജീവിക്കുമ്പോൾ ദൈവജനത്തിനിടയിലും ഈ വിധ പാപങ്ങൾ കടന്നു കൂടാൻ സാധ്യതയുണ്ട്. (1 കൊരി. 5:1; വെളി 2:20). എന്നാൽ ഈ വിധ പാപങ്ങളെ ഗൗരവമായി ദൈവജനം കാണണമെന്നു തിരുവെഴുത്തു ഓർപ്പിക്കുന്നു.

ചുരുക്കത്തിൽ, ദൈവം മനുഷ്യനു നൽകിയ അത്യുത്തമമായ വരദാനമാണ് ദാമ്പത്യജീവിതം. ദൈവസന്നിധിയിൽ മാന്യമായ ഒരു ബന്ധം. മനുഷ്യനു സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമുള്ള വേദി. ആ ബന്ധത്തിൽ അവർ പരസ്പരം വിശ്വസ്തരായിരിക്കണം എന്നു ദൈവം ആഗ്രഹിക്കുന്നു.

ദാമ്പത്യജീവിതം ദൈവത്തിനു മഹത്വം കരേറ്റുന്നതായിരിപ്പാൻ, ദൈവഹിതപ്രകാരം വിവാഹം നടക്കേണ്ടതിന് ഏൽപ്പിച്ചുകൊടുക്കണം. ആത്മീകതയ്ക്കും വിശ്വാസദർശനത്തിനും പ്രഥമസ്ഥാനം നൽകണം. വിവാഹാലോചനകളിൽ വിശ്വസ്തത പാലിക്കണം. നമ്മുടെ സ്രഷ്ടാവായ ദൈവത്തിന്റെ ലക്ഷ്യം നിറവേറ്റുന്നതും അവനു മഹത്വം കരേറ്റുന്നതുമായിരിക്കട്ടെ നമ്മുടെ വിവാഹങ്ങൾ. ●

## ശ്രദ്ധയ്ക്ക്

വേർപാട് ക്വിസിൽ 10 മുതൽ 84 വയസ്സ് വരെ പ്രായമുള്ള സഹോദരീ സഹോദരന്മാർ പങ്കെടുക്കുന്നു എന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. ലളിതവും അതേ സമയം പഠനത്തിനുപകരിക്കത്തക്ക നിലയിലുമാണ് ക്വിസ് തയ്യാറാക്കിയിരിക്കുന്നത്. കഴിഞ്ഞ ലക്കങ്ങളിൽ 10 ൽ കൂടുതൽ ഉത്തരങ്ങൾ ശരിയാക്കിയവരുടെ പേരുകളും ചേർത്തിരുന്നു. സ്ഥലപരിമിതി മൂലം അടുത്ത ലക്കം മുതൽ എല്ലാം ശരിയുത്തരം നൽകുന്നവരുടെ പേരുകൾ മാത്രമേ ചേർക്കുകയുള്ളൂ. 12 ലക്കവും തുടർച്ചയായി ഉത്തരം ശരിയാക്കുന്നവർക്കു പ്രത്യേകസ മ്മാനങ്ങളും,ഉ ത്തരങ്ങൾ1 2ല ക്കങ്ങളിൽശ രിയാക്കുന്നവർക്കു പ്രോത്സാഹന സമ്മാനങ്ങളും നൽകുന്നതാണ്. ആകയാൽ എല്ലാ മാസവും ഉത്തരം അയയ്ക്കുക. കഴിഞ്ഞ ലക്കങ്ങളിൽ സഹകരിച്ച എല്ലാവർക്കും നന്ദി

(ക്വിസ് മാസ്റ്റർ)

# വേർപാട് വിവാഹ വേദി
## Verpad Matrimonial

ബ്രദറൺ സഭാംഗങ്ങളായ യുവതീയുവാക്കൾക്കു തങ്ങളുടെ ജീവിത പങ്കാളികളെ കണ്ടെത്താൻ സഹായിക്കുന്ന പംക്തി. വിവാഹാനുബന്ധമോ, വിവാഹശേഷമോ ഉണ്ടാകുന്ന യാതൊരു വിധ വിഷയങ്ങളിലും 'വേർപാട്' ഉത്തരവാദി ആയിരിക്കില്ല. ആകയാൽ വിശദമായ അന്വേഷണങ്ങൾ കുടുംബങ്ങളും സ്ഥലം സഭകളും നടത്തേണ്ടതാണ്. വിവാഹ ആലോചനകളിൽ വിശ്വസ്തതയും സത്യസന്ധതയും കാത്തു സൂക്ഷിച്ചാൽ മക്കളുടെ കുടുംബജീവിതം സന്തുഷ്ടമാകും.

**Box. No. F 20612**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിലുള്ള യുവതി 26 വയസ്, 159 സെ.മീ ഉയരം, ഇരുനിറം B. Pharm. ഫാർമസിസ്റ്റായി ജോലി ചെയ്യുന്നു. അനുയോജ്യരായ ബ്രദറൺ യുവാക്കളുടെ മാതാപിതാക്കന്മാരിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. (ഫോൺ : 0481 – 2701263, 9446459263)

**Box. No. F 70612**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിലുള്ള യുവതി 26 വയസ്, 5 അടി ഉയരം, ഇരുനിറം, എസ്.എസ്.എൽ.സി. വിദ്യാഭ്യാസം. ദത്തു നിൽക്കാൻ താല്പര്യമുള്ള ബ്രദറൺ യുവാക്കന്മാരുടെ മാതാപിതാക്കളിൽ നിന്നും ആലോചകൾ ക്ഷണിക്കുന്നു. (ഫോൺ : 0464– 2689239, 9947955126)

**Box. No. M 30512**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിലുള്ള യുവാവ് 30 വയസ്, 165 സെ.മീ ഉയരം, ഇരുനിറം ബി.എസ്.സി മൈക്രോബയോളജി, ഫാർമസി അസിസ്റ്റന്റായി ജോലി ചെയ്യുന്നു. അനുയോജ്യരായ ബ്രദറൺ യുവതികളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. (ഫോൺ : 0469 2615467)

**Box No. F180712**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ സഭാകൂട്ടായ്മയിലുള്ള യുവതി 31 വയസ്, 5.5 അടി (166.5 സെ.മി) ഉയരം, വെളുത്ത നിറം ഗൾഫിൽ ജോലി ചെയ്യുന്നു. അനുയോജ്യരായ ബ്രദറൺ യുവാക്കളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. +91 9447104099)

### വേർപാട് വിവാഹവേദി ഇന്റർനെറ്റിലും

ഞങ്ങളുടെ വെബ്സൈറ്റിലും WWW. BrethrenAssemblyNews.Com-ൽ വേർപാട് വിവാഹ വേദി ലഭ്യമാണ്. പരസ്യം നൽകുവാനും ജീവിത പങ്കാളികളെ കണ്ടെത്തുവാനും ഈ സുവർണ്ണാവസരം പ്രയോജനപ്പെടുത്തുക. പരസ്യം തപാൽ വഴിയോ ഇമെയിൽ വഴിയോ അയക്കാവുന്നതാണ്. ബ്രദറൺ വിശ്വാസികളുടെ പരസ്യം മാത്രമേ പ്രസിദ്ധീകരിക്കുകയുള്ളൂ.

തുടർച്ച പേജ് 06▶

നമ്മുടെ കർത്താവ് പറഞ്ഞതു ഇപ്രകാരമാണ്. ''ആരെങ്കിലും ഭാര്യയെ ഉപേക്ഷിച്ചാൽ അവൾക്കു ഉപേക്ഷണപത്രം കൊടുക്കട്ടെ എന്നും അരുളിച്ചെയ്തിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നതു പരസംഗം ഹേതുവായിട്ടല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവനെല്ലാം അവളെക്കൊണ്ട് വ്യഭിചാരം ചെയ്യിക്കുന്നു; ഉപേക്ഷിച്ചവളെ ആരെങ്കിലും വിവാഹം കഴിച്ചാൽ വ്യഭിചാരം ചെയ്യുന്നു." (മത്തായി 5:31,32).

പഴയനിയമത്തിൽ പരസംഗത്തിനു വിധിക്കപ്പെട്ടിരിക്കുന്ന മരണശിക്ഷയ്ക്കു പുതിയ നിയമത്തിൽ മാറ്റം വന്നു എന്നതു കർത്താവിന്റെ വാക്കിൽ നിന്നു തന്നെ മനസ്സിലാക്കാം. എന്തു വില കൊടുത്തും കുടുംബബന്ധം നിലനിർത്തുക എന്ന പുതിയ തത്വമാണ് കർത്താവ് നൽകിയത്. പരസംഗം എന്ന പാപത്താൽ, ഒരുമിച്ചുപോകാൻ സാധിക്കാതെ വന്നാൽ വിവാഹമോചനം നടത്താം എന്നു കർത്താവ് പറയുന്നു. പഴയ നിയമത്തിൽ വിവാഹ മോചനം അനുവദിക്കപ്പെട്ടിരുന്ന ചെറിയ പാപങ്ങളുടെ (ആവ. 24:1,2) പേരിൽ വിവാഹമോചനം പുതിയ നിയമത്തിൽ അനുവദിക്കുന്നില്ല. ആകയാൽ പരസംഗത്തിനുള്ള മറുമരുന്നായി വിവാഹമോചനത്തെ പുതിയ നിയമം അനുവദിക്കുന്നില്ല. പരസംഗം നിമിത്തം ഒന്നിച്ചു പോകാൻ കഴിയാതെ വന്നാൽ അവസാനമായി എടുക്കാവുന്ന ഒരു നിലപാടായി മാത്രമേ വിവാഹമോചനത്തെ പുതിയ നിയമ വെളിച്ചത്തിൽ മനസ്സിലാക്കാൻ സാധിക്കൂ. ആകയാൽ, വിവാഹ വിഷയങ്ങളിൽ ദൈവമക്കൾ തിടുക്കം കാണിക്കരുത്. ഒരിക്കൽ പ്രവേശിച്ചുകഴിഞ്ഞാൽ പിൻതിരിയുന്ന കാര്യം ചിന്തിക്കാനേ പാടില്ല. അതു വേർപിരിയാനാവാത്ത നിലയിൽ ദൈവം സ്ഥാപിച്ച ഉടമ്പടിയാണ്.

യാതൊരു വിധത്തിലും, ദാമ്പത്യജീവിത പ്രശ്നങ്ങൾക്കുള്ള പ്രതിവിധിയല്ല വിവാഹമോചനം. ദൈവം അതനുവദിക്കുന്നില്ല. തിടുക്കമുള്ള തീരുമാനങ്ങളും തെറ്റായ കാഴ്ചപ്പാടുകളും കൊണ്ട് പ്രതിസന്ധിയിലകപ്പെട്ടെങ്കിൽ പ്രശ്നപരിഹാരത്തിനായി ദൈവത്തിൽ ശരണപ്പെടുകയാണ് ഉത്തമമാർഗ്ഗം.

**വിവാഹ ജീവിതത്തിലെ പ്രശ്നങ്ങൾക്കുള്ള പ്രതിവിധിയല്ല വിവാഹമോചനം.**

ക്രിസ്തീയ വിവാഹ ഉടമ്പടി മാറ്റം വരുത്താനോ കൈമാറ്റം ചെയ്യാനോ ആവാത്തതായ ആജീവനാന്ത ഉടമ്പടിയാണ്. ദാമ്പത്യജീവിതത്തിൽ ഇരുവർക്കും തനിയെ പരിഹരിക്കാനാവാത്ത പ്രശ്നങ്ങൾ ഉണ്ടായാൽ കുടുംബാംഗങ്ങളെയോ സ്ഥലം സഭയിലെ ഉത്തരവാദിത്വപ്പെട്ട ശുശ്രൂഷകരെയോ സമീപിച്ച് പരിഹാരമാർഗ്ഗങ്ങൾ തേടേണ്ടതാണ്. പ്രശ്നനിവാരണത്തിന് വേണ്ടത്ര ക്ഷമയോടെ കാത്തിരിക്കേണ്ടതാണ്. വളരെ ഗുരുതരമായ പ്രശ്നമാണെങ്കിൽ ദൈവകരങ്ങളിൽ വിഷയം ഭരമേൽപ്പിച്ച് പ്രാർത്ഥിക്കുക, മാനുഷിക കുറുക്കു വഴികൾ തേടരുത്.

യാതൊരു വിധത്തിലും, ദാമ്പത്യജീവിത പ്രശ്നങ്ങൾക്കുള്ള പ്രതിവിധിയല്ല വിവാഹമോചനം. ദൈവം അതനുവദിക്കുന്നില്ല. തിടുക്കമുള്ള തീരുമാനങ്ങളും തെറ്റായ കാഴ്ചപ്പാടുകളും കൊണ്ട് പ്രതിസന്ധിയിലകപ്പെട്ടെങ്കിൽ പ്രശ്നപരിഹാരത്തിനായി ദൈവത്തിൽ ശരണപ്പെടുകയാണ് ഉത്തമമാർഗ്ഗം. കർത്താവ് സഭയെ ശുദ്ധയും നിഷ്കളങ്കയുമായി നിലനിർത്തുന്നതുപോലെ, കർത്താവിലാശ്രയിക്കുന്നവർക്കു പരിഹാരമാർഗ്ഗങ്ങൾ ഓരോന്നായി ഒരുക്കി നൽകുമെന്നു പ്രത്യാശിക്കുക. സഹിഷ്ണുതയാണ് ഇവിടെ ആവശ്യം. തന്മൂലം കുടുംബത്തിനും സ്ഥലം സഭയ്ക്കും ആശ്വാസമാകുമെന്നുമാത്രമല്ല, ദൈവനാമം ദുഷിക്കപ്പെടാതിരിക്കുകയും ചെയ്യും. ●

## അറിയിപ്പ്

ബ്രദറൺ റിസേർച്ച് ഗ്രൂപ്പ് പ്രസിദ്ധീകരിച്ചിരിക്കുന്ന പുസ്തകങ്ങൾ സൗജന്യമായി ലഭിക്കുന്നതിന് അനേകം സഹോദരീ സഹോദരന്മാർ ഫാറം പൂരിപ്പിച്ചു നൽകിയിരുന്നല്ലോ. അവർക്കെല്ലാം തന്നെ "വേർപാട്' അയക്കുന്നുണ്ട്. പ്രസ്തുത പുസ്തകങ്ങൾ വേർപാടിൽ ലേഖനങ്ങളായി നൽകുവാൻ പത്രാധിപ സമിതി തീരുമാനിച്ചിരിക്കുന്നു. ആകയാൽ തുടർന്നുള്ള ലക്കങ്ങൾ ക്രമമായി സൂക്ഷിക്കുന്നതു ബ്രദറൺ റിസേർച്ച് ഗ്രൂപ്പിന്റെ എല്ലാ പുസ്തകങ്ങളും സ്വന്തമാക്കാനുപകരിക്കും. വേർപാടിനോട് കാണിക്കുന്ന എല്ലാവിധ സഹകരണങ്ങൾക്കും നന്ദി.

പബ്ലിഷർ




**ആവർത്തന പുസ്തകം 18 – 34**

**ഈ ക്വിസിൽ ആർക്കും ചേരാം. ശരിയുത്തരം എല്ലാ മാസവും 30 നു മുമ്പ് ലഭിക്കും വിധം അയക്കുക. ഉത്തരകടലാസിൽ പേര്, വയസ്, തൊഴിൽ, സ്ഥലം സഭ തുടങ്ങിയ വിവരങ്ങൾ ചേർക്കണം. ഓരോ ലക്കവും ഓരോ പുസ്തകത്തിൽ നിന്നുമുള്ള ചോദ്യങ്ങൾ നൽകുന്നു. ഉത്തരങ്ങൾക്കൊപ്പം റഫറൻസ് കൂടി നൽകുക. 12 മാസവും തുടർച്ചയായി ശരിയുത്തരം അയക്കുന്നവർക്കു സമ്മാനങ്ങൾ നൽകുന്നതാണ്.**

1. പടിയും പറയും എങ്ങനെയുള്ളതായിരിക്കണം?
2. മറഞ്ഞിരിക്കുന്ന കാര്യങ്ങൾ ആർക്കുള്ളതാണ്? വെളിപ്പെട്ടിരിക്കുന്നവ ആർക്കുള്ളതാണ്?
3. കള്ളസാക്ഷ്യം പറഞ്ഞവനെ എന്തു ചെയ്യണം.?
4. ഏതു പർവ്വതത്തിലാണ് അനുഗ്രഹിക്കുവാൻ നിൽക്കേണ്ടത്? ഏതു പർവ്വതത്തിലാണ് ശപിക്കുവാൻ നിൽക്കേണ്ടത്?
5. യുദ്ധത്തിനു പോകുന്നതിന് മുമ്പ് ആരെയെല്ലാം വീട്ടിൽ പറഞ്ഞുവിടേണം?
6. തൂങ്ങിമരിച്ചവൻ ദൈവസന്നിധിയിൽ ആരാണ്? അവന്റെ ശവം മരത്തിൽ എത്രനേരം ഇരിക്കരുത്. ?
7. ആരെയാണ് വാലല്ല തല ആക്കുന്നത്?
8. പുരുഷന്റെ വസ്ത്രം സ്ത്രീയും സ്ത്രീയുടെ വസ്ത്രം പുരുഷനും ധരിക്കരുത് . അതിന്റെ കാരണം എന്ത്?
9. എന്തുകൊണ്ടാണ് ഹിത്യർ, അമോര്യർ, പെരിസ്യർ, കനാന്യർ, ഹിവ്യർ, യെബൂസ്യർ എന്നിവരെ ശപഥാർപ്പിതമായി സംഹരിക്കേണം എന്നു പറഞ്ഞത്?
10. ആരുടെ വസ്ത്രമാണ് പണയം വാങ്ങരുതാത്തത് ?
11. ഏബാൽ പർവ്വതത്തിൽ എന്താണ് നാട്ടിയത്? അതിൽ എന്താണ് എഴുതിയത്?
12. വ്യർത്ഥകാര്യമല്ല അത് ജീവൻ തന്നെയാകുന്നു. അതു എന്താണ്? അതു പ്രാപിച്ചാൽ എന്തുണ്ടാകും? ഇതു ആര് ആരോടു പറഞ്ഞു?

**അയയ്ക്കേണ്ട വിലാസം :**

**Quiz Master,** Anand Villa,143, Maveli Nagar ,
Cochin University P.O., Ernakulam 682 022

**സംഖ്യ 19–36 ന്റെ ഉത്തരം**

1. മനെശയുടെ മകനായ മാഖീരിന്റെ പുത്രന്മാർ (സംഖ്യ 32 : 39)
2. കലഹജലത്തിങ്കൽ യഹോവയുടെ കല്പന ലംഘിച്ച് പാറയെ അടിച്ചു . യഹോവയെ വിശ്വസിക്കാതിരുന്നതുകൊണ്ടാണ് (20:7,11,12,13)
3. യിസ്രായേൽ നേർച്ച നേർന്നു. (21:1–3). ഹോർമ്മാ.
4. സെലോഫഹാദിന്റെ പുത്രിമാർ. മോശയോടും എലെയാസർ പുരോഹിതനോടും പ്രഭുക്കന്മാരോടും സർവ്വസഭയോടും (27:1–2)
5. സങ്കേത നഗരങ്ങൾ . മഹാപുരോഹിതന്റെ മരണം വരെ (35:10,11,28)
6. ബാമോത്ത് ബാൽ (23:41) . സോഫീം മുകൾ പരപ്പിൽ (23:14) പെയോർ മലയുടെ മുകളിൽ (23:28)
7. അസാരീം മലയിൽ (27:12)
8. മിര്യാം കാദേശിൽ വെച്ച് മരിച്ചു (20:1) . അഹരോൻ ഹോർ പർവ്വതത്തിൽ വെച്ച് മരിച്ചു (20:28). അഹരോന് 123 വയസ്സായിരുന്നു.
9. ബേരിൽ (21:16,18)
10. ബിലെയാം (23:10). മിദ്യാന്യരോടുള്ള യുദ്ധത്തിൽ യിസ്രായേലിന്റെ വാളിനാൽ കൊല്ലപ്പെട്ടു. (31:8)
11. ശിമെയോൻ ഗോത്രത്തിൽ സിമ്രിയെയും മിദ്യാന്യസ്ത്രീ കൊസ്ബിയെയും ബാൽപെയേരിനോടു ചേർന്ന് പരസംഗം ചെയ്തതു നിമിത്തം. ഫിനെഹാസിനും സന്തതിക്കും നിത്യപൗരോഹിത്യം.
12. മോശ (20:25–28) സഹോദരൻ അഹരോന്റെ വസ്ത്രം ഊരി മകൻ എലെയാസറിനെ ധരിപ്പിച്ചു.

**എല്ലാ ഉത്തരവും ശരിയാക്കിയവർ**

1. സുരേഷ് കുമാർ എം.വി. (കണ്ണൂർ)
2. ജയ്നമ്മ മാത്യു (കുറ്റപ്പുഴ)
3. ഷീജാ ജയൻ (മുളന്തുരുത്തി)
4. മൈക്കിൾ എബ്രഹാം (കൊച്ചി)
5. ജോൺ വി. പോൾ (തൃശ്ശൂർ)
6. തങ്കമ്മ ദാനിയേൽ (തൃശ്ശൂർ)
7. മേരി എൻ.വി. (പുന്നവേലി)
8. ഗ്രേസി ആൽബർട്ട് (പാലിയേക്കര)
9. റോസമ്മ തോമസ് (തടിയൂർ)
10. മറിയാമ്മ തോമസ് (കുന്നംകുളം)
11. ജിബിൻ ബില്ലി പോൾ ( പോത്താനിക്കാട്)
12. എലിസബത്ത് ജോസഫ് (തിരുവല്ല)
13. ഗ്രേസി ജോസ് (തൃശ്ശൂർ)
14. സുജ ജയിംസ് (കടമറ്റം)
15. ബേബി കുര്യാക്കോസ് (കടമറ്റം)
16. പി.കെ. ജോർജ്ജ് കുട്ടി (വാളകം)
17. ജെയിൻ മാത്യൂസ് (പാലക്കാട്)
18. ലിൻസി ബിബിൻ (കളമശ്ശേരി)
19. മേരി മാനുവൽ (കളമശ്ശേരി)
20. ശാന്തമ്മ ജോയ് (കളമശ്ശേരി)
21. എലിസബത്ത് സാം (കളമശ്ശേരി)
22. എലിസബത്ത് ഷൈജു (കൊടകര)
23. അന്നമ്മ ജോയ് (കലഞ്ഞൂർ)
24. റോസമ്മ പീറ്റർ (കൊല്ലം)
25. റീനാ സേവ്യർ (വരാപ്പുഴ)
26. മറിയാമ്മ മാത്യൂസ് (തൃശ്ശൂർ)

തുടർച്ച പേജ് 04▶

നുള്ള ശാരീരിക ഘടനയോടു കൂടിയാണ് മനുഷ്യനെ സൃഷ്ടിച്ചത്. ലൈംഗികത സ്ത്രീക്കും പുരുഷനും ജന്മനായുള്ള കഴിവായി നൽകിയിരിക്കുന്നു. ആ കഴിവ് എങ്ങനെ ഉപയോഗിക്കണമെന്നതിലും വ്യക്തമായ നിർദ്ദേശങ്ങൾ ദൈവം നൽകുന്നുണ്ട്. ആ കഴിവ് അതിൽ തന്നെ വിശുദ്ധവും മാന്യവുമാണ്. ഇതു ദൈവിക ദാനമായി കണ്ടു സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ടതുണ്ട്. ഭാര്യാഭർത്തൃബന്ധത്തിൽ മാത്രം വ്യാപാരം ചെയ്യപ്പെടേണ്ട ഈ കഴിവ്, ദുർവിനിയോഗം ചെയ്യരുതെന്നും തിരുവെഴുത്തു കൽപ്പിക്കുന്നു.

**2. ദൈവിക പദ്ധതി**

ദാമ്പത്യജീവിതം ദൈവത്താൽ സ്ഥാപിതമാണ്. മാനുഷിക ബന്ധങ്ങളിൽ ഏറ്റവും ദൃഢമായ ഒന്നായി ദൈവം അതിനെ കല്പിച്ചാക്കിയിരിക്കുന്നു. “അതുകൊണ്ട് പുരുഷൻ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞ് ഭാര്യയോട് പറ്റിച്ചേരും; അവർ ഏകദേഹമായിത്തീരും.” (ഉൽപ. 2:24; മത്താ. 19:4-6). സ്ത്രീ പുരുഷന്മാരെ ഭാര്യാഭർത്താക്കന്മാരായി ദൈവം കൂട്ടി ചേർക്കുമ്പോൾ അവർ ലൈംഗിക ബന്ധത്താൽ പറ്റിച്ചേർന്നു ഏകദേഹമായിത്തീരണം എന്നതു ദൈവിക പ്രമാണമാണ്. ആകയാൽ അവർ ഇനി രണ്ടല്ല; ഒരു ദേഹമത്രേ ആകുന്നു.

സ്ത്രീയെയും പുരുഷനെയും ദൈവം പൂർണ്ണതയുള്ളവരായാണ് സൃഷ്ടിച്ചതെങ്കിലും, പാപം നിമിത്തം പല ന്യൂനതകളും മനുഷ്യവംശത്തിൽ കടന്നു കൂടി. രോഗദുഃഖങ്ങളും അംഗവൈകല്യങ്ങളും എന്നപോലെ ലൈംഗിക ന്യൂനതകളും മനുഷ്യർക്കിടയിൽ കടന്നുവന്നു. വിവാഹജീവിതത്തിനു ലൈംഗിക ന്യൂനതകൾ പ്രശ്നമായിത്തീരുമെന്നതിനാൽ ഓരോരുത്തരും തങ്ങളുടെ അവസ്ഥ മനസ്സിലാക്കി തീരുമാനങ്ങൾ എടുക്കേണ്ടതുണ്ട്.

വിശ്വാസികളുടെയിടയിൽ വിശ്വാസ വഞ്ചന ഏറ്റവുമധികം നടമാടുന്ന വേദിയാണ് വിവാഹം. മാനസിക വിഭ്രാന്തി, ശാരീരിക ന്യൂനതകൾ, അനാത്മികത തുടങ്ങി ഒരു വിശ്വാസിയുടെ വിവാഹത്തിനുള്ള തടസ്സങ്ങളെ മൂടിവച്ച് ചിലരെങ്കിലും വിവാഹം നടത്തുന്നു. ചില ശുശ്രൂഷകരും ഇക്കാര്യത്തിൽ കുറ്റക്കാരാണ്. വേറെ ചിലർ സത്യം അറിഞ്ഞാലും പണം, പാരമ്പര്യം, പ്രശസ്തി എന്നിവയെപ്രതി വിവാഹത്തിനു മക്കളെ ഏൽപ്പിച്ചുകൊടുക്കുന്നു. അനാത്മീകരായ മക്കളെ നന്നാക്കാൻ സത്യം മറച്ചുവെച്ച് ആത്മീകരായവരെക്കൊണ്ട് വിവാഹം കഴിപ്പിക്കുന്നവരുമുണ്ട്. ഇത്തരം പ്രവണതകളുടെ



ആത്യന്തികഫലമെന്നതു ദൈവനാമം ദുഷിക്കപ്പെടുന്നു എന്നത്രേ.

അടുത്തകാലത്തായി, വേർപ്പെട്ട ദൈവ ജനത്തിനിടയിൽ വിവാഹമോചനങ്ങൾ വർദ്ധിക്കുവാൻ കാരണവും മുൻ പരാമർശിച്ച വിഷയങ്ങളാണ്. മുൻകാലങ്ങളിലും വിവാഹരംഗങ്ങളിൽ ചതികൾ നടന്നിട്ടുണ്ടെങ്കിലും ദൈവഹിതമെന്നു ചിന്തിച്ച് വിശ്വാസികൾ അവയുൾക്കൊണ്ട് ജീവിച്ചിരുന്നു. എന്നാൽ അനാത്മീകതയും അധാർമ്മികതയും വ്യക്തിസ്വാതന്ത്ര്യവും വർദ്ധിച്ച ആധുനിക യുഗത്തിൽ യുവതീയുവാക്കൾ വിവാഹമോചനം നടത്താനും മടിക്കില്ലെന്ന സ്ഥിതി വന്നിരിക്കുന്നു. നിസ്സാരപ്രശ്നങ്ങളുടെ പേരിൽ പോലും വിവാഹമോചനം തേടുന്നവരുണ്ട്. ദാമ്പത്യജീവിതത്തിൽ ദൈവഹിതം മനസ്സിലാക്കുന്നതിലെ പരാജയവും വിശ്വാസികളുടെയിടയിലെ ചതിപ്രയോഗങ്ങളും ഇതിലേക്കു വാതിൽ തുറക്കുന്നു എന്നു പറയുന്നതു തെറ്റാവില്ല.

ദൈവം വെറുക്കുന്നതായ വിവാഹമോചനം ദൈവജനത്തിനിടയിൽ ഉണ്ടാകാതിരിപ്പാൻ വിവാഹാലോചനകളിൽ സത്യസന്ധത പാലിക്കുവാൻ നാം ശ്രദ്ധിക്കണം. അനാത്മീകരായ മക്കളെ നന്നാക്കാൻ ആത്മീയരായവരെക്കൊണ്ടു കല്ല്യാണം കഴിപ്പിക്കുന്ന പ്രവണതയ്ക്ക് ശുശ്രൂഷകന്മാർ കൂട്ടു നിൽക്കാതിരിക്കണം. രക്ഷിക്കപ്പെടാത്തവരെ കല്ല്യാണം കഴിപ്പിക്കാൻ സ്നാനപ്പെടുത്തി വിശ്വാസിയാക്കുന്ന പ്രവണതകളെയും സ്ഥലം സഭകൾ നിരുത്സാഹപ്പെടുത്തണം. അവിശ്വാസികളുമായി ദൈവമക്കളെ ഇണയില്ലാപ്പിണ ചേർത്താൽ ശിക്ഷ ലഭിക്കാതിരിക്കില്ല. ആത്മീകശോഷണവും ദൈവഭയമില്ലായ്മയുമാണ് ആത്മീക ഗോളത്തിൽ വിവാഹമോചനം വിളിച്ചുവരുത്തുന്നത്. വിവാഹമോചനത്തെ ഏതു കാരണത്താലും അനുവദിക്കുന്നതു വചനത്തോടുള്ള വെല്ലുവിളിയാണ്.

പ്രായപൂർത്തിയായ യുവതീയുവാക്കൾ വിവാഹബന്ധത്തിലേക്കു പ്രവേശിക്കുമ്പോൾ അതു സഫലമായിത്തീരുന്നതിന് ചില സഹായഘടകങ്ങളുണ്ട്. അവയെക്കുറിച്ച് അല്പമായി ചിന്തിക്കാം. (പേജ് 7) ●

# ക്രിസ്തീയ വിവാഹം
## തിരുവചനവെളിച്ചത്തിൽ

**ഇത്തരം ഒന്ന് ഇതാദ്യം**


**രചയിതാക്കൾ :**
**ഡോ. ജോൺസൺ സി. ഫിലിപ്പ്**
**ഡോ. സനീഷ് ചെറിയാൻ**


**സവിശേഷതകൾ**

- ലളിതമായ പ്രതിപാദ്യം
- വസ്തുനിഷ്ഠമായ വിശദീകരണങ്ങൾ
- സംശയങ്ങൾക്കു വചനാധിഷ്ഠിത മറുപടി
- വിവാഹത്തിന്റെ ഉദ്ദേശ്യം എന്ത്?
- വിവാഹമോചനം - വചനം എന്തു പറയുന്നു?
- പുനർവിവാഹം അനുവദനീയമോ?
- വിവാഹം രജിസ്റ്റർ ചെയ്യേണ്ടതുണ്ടോ?
- വിവാഹം ആർക്കു നടത്താം?
- വിവാഹത്തോടുള്ള ബന്ധത്തിൽ വചനത്തിന്റെ നിലപാടുകൾ
- വിലക്കപ്പെട്ട വിവാഹബന്ധങ്ങൾ
- പ്രീ - മാരിറ്റൽ കൗൺസലിംഗ് എന്തിന്? പ്രയോജനങ്ങൾ എന്തെല്ലാം?
-

തുടങ്ങിയ വിഷയങ്ങൾ ക്രമീകൃതമായി വിശദീകരിക്കുന്നു.
വിവാഹം സംബന്ധിച്ച് വേർപാട് വായനക്കാർക്കുള്ള സംശയങ്ങൾ
(പേരും അഡ്രസ്സും ഇല്ലാത്തവ സ്വീകരിക്കുന്നതല്ല) വേർപാടിന് എഴുതിയാൽ
മറുപടി പുസ്തകത്തിൽ ഉൾക്കൊള്ളിക്കുന്നതാണ്.

**പ്രീ – പബ്ലിക്കേഷൻ**
**ഉടൻ പ്രതീക്ഷിക്കുക**


**ഒരു ബ്രദറൺ റിസർച്ച് ഗ്രൂപ്പ് പ്രസിദ്ധീകരണം**

ഒറ്റപ്രതി വില : 10 രൂപ

# വേർപാട് വാർത്താ പത്രിക

സുതാര്യം ✦ വസ്തുനിഷ്ഠം ✦ വചനാനുസൃതം

**പുസ്തക പരിചയം**




## തിരുവെഴുത്തിൽ സ്ത്രീകളുടെ സ്ഥാനം, ശുശ്രൂഷകൾ

സുവി. തോമസ് മത്തായി രചിച്ച ഈ പുസ്തകം സഭയിൽ സഹോദരിമാർക്കുള്ള ശുശ്രൂഷകളെ തിരുവചനവെളിച്ചത്തിൽ വിശകലനം ചെയ്യുന്നു. വേർപാട് ഉപദേശ ദർശനത്തിന്റെ മഹാത്മ്യം ഈ പുസ്തകത്തിൽ നിഴലിച്ചു കാണുവാൻ സാധിക്കുന്നു. 20 രൂപ വിലയുള്ള ഈ പുസ്തകം വേർപാട് വരിക്കാർക്ക് തികച്ചും സൗജന്യമായി ലഭിക്കും.

ബന്ധപ്പെടേണ്ട വിലാസം :
Thomas Mathai, Eattical,
Noorommavu P.O., Anicad -689589,
Pathanamthitta, Mob :9446754007.

## അന്യഭാഷ ഒരു പഠനം

പെന്തക്കോസ്തലിസത്തിന്റെ മുഖമുദ്രയായ അന്യഭാഷ സംബന്ധിച്ച് വിശ്വാസികളുടെ ഹൃദയത്തിലുയർന്നു വരാവുന്ന സംശയങ്ങൾക്കു മറുപടി നൽകുന്ന ഉത്തമപുസ്തകം. അന്യഭാഷാവക്താക്കൾഉന്നയിക്കാവുന്ന ന്യായങ്ങളും അവയ്ക്കുള്ള മറുപടിയും നൽകുന്ന ഗ്രന്ഥമാണിത്. സുവി. ജോൺസൺ റോയി എഴുതിയ ഈ പുസ്തകം വേർപാട് വരിക്കാർക്ക് സൗജന്യമായി ലഭിക്കും.

ബന്ധപ്പെടേണ്ട വിലാസം :
Johnson Roy, Muttathu House,
Oonnukal P.O., Pathanamthitta,
Mob : 9995951479.




This Publication is owned, printed and published by Saneesh Cherian.
printed at Maptho Printings, Kalamassery for Brethren Research Group.